# ചർച്ച് ന്യൂസ്

സി.എസ്.ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol: 3 No:12

website: www.csikattakada.in
e-mail: csikattakada@gmail.com

മെയ് 2015




GOVT. OF INDIA
916 BIS
HALLMARKED JEWELLERY
നെയ്യാറ്റിൻകര
പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
ഷോപ്പിംഗ് അനുഭവം
Pereppadans Gold Park
കല്ല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം
എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ
ഏറ്റവും കുറഞ്ഞ പണിക്കൂലി
പെരേപ്പാടൻസ്
100% 916 ജ്വല്ലറി
ഗോൾഡ് പാർക്ക്
സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551
കൊട്ടാരക്കര Ph: 0474 - 3223637
നെടുമങ്ങാട് Ph: 0472 - 3201993
കരുനാഗപ്പള്ളി Ph: 0476 - 2624599
പയ്യന്നൂർ Ph: 0498 - 5208418
Head Office : Thrissur
ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

# സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

**Vol: 3 No:12**

**മെയ് 2015**



Website: www.csikattakada.in
E-mail: csikattakada@gmail.com
Phone: 0471-2290544, 0471-2293617



## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. ആർ.എസ്.സുരേഷ്കുമാർ | 9995364451 |
| ഇവാ.സജി.എൻ.സ്റ്റുവർട്ട് | 8281620414 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഗ്ലാഡ്സൺ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ്.ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| റസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

## എഡിറ്റോറിയൽ ബോർഡ്

റവ. ആർ.എസ്.സുരേഷ്കുമാർ
ഇവാ.സജി.എൻ.സ്റ്റുവർട്ട്
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡൈ്വസർ)
ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജികുഞ്ഞ്.സി
റോസിൻജാവർട്ട്.ജെ
ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

വിൽസ്രാജ് (കപ്യാർ) 9446564482


## ഉള്ളടക്കം


Pastor's view 5
*റവ.ആർ.എസ്.സുരേഷ്കുമാർ*

പ്രധാന പ്രോഗ്രാമുകൾ 6

ഉയിർപ്പിൻ സന്ദേശം 7
*ഇവാ.സജി.എൻ.സ്റ്റുവർട്ട്*

വാർഷിക റിപ്പോർട്ട് 16
*ബി..ബ്രൈറ്റ്സിംഗ്*

വാർത്തകൾ, അറിയിപ്പുകൾ 26


## ചർച്ച് ന്യൂസ് വരവ്-ചെലവ്

ഏപ്രിൽ 2015

### വരവ്

| | |
|---|---|
| പെരേപ്പാടൻസ് ഗോൾഡ് പാർക്ക് | 1500 |
| ശോഭനദാസ്, എം.എസ് കോട്ടേജ് | 1000 |
| സാവിയോ, പ്രശാന്ത് | 2000 |
| സ്റ്റീഫൻസൻ,നെടുവെത്താൻകുഴി | 200 |
| റവ.ജോസഫ് അംബ്രോസ് | 250 |
| **ആകെ വരവ്** | **4950** |

### ചെലവ്


| | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 500 |
| പ്രിന്റിംഗ് | 6050 |
| **ആകെ ചെലവ്** | **6550** |


Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio

## എഡിറ്റോറിയൽ

ജീവിതത്തിന്റെ താളലയം കാത്തുസൂക്ഷിക്കുന്നതെന്തോ അതാണ് ധർമ്മം. ഓരോ വ്യക്തിയും സുഖവും സന്തോഷവും ആഗ്രഹിക്കുന്നു, അത് നേടിയെടുക്കാൻ പ്രയത്നിക്കുകയും ചെയ്യുന്നു. എന്നാൽ നൂറ്റാണ്ടുകൾ കൊണ്ട് നേടിയെടുത്ത വർഗ്ഗത്തിന്റെ അവകാശങ്ങളും നിയമങ്ങളുമെല്ലാം മറന്ന് അവരെക്കൊണ്ട് അഹോരാത്രം പണിയെടുപ്പിച്ച് പണം കൊയ്യുന്ന "കോർപ്പറേറ്റുകളാണ്" നമുക്കു ചുറ്റുമുള്ളത്. ഓരോ വ്യക്തിയും സ്വയം നിയന്ത്രിച്ചാൽ മാത്രമേ അപരന് സുഖവും സന്തോഷവും ലഭിക്കുകയുള്ളൂ. അന്യായബന്ധനം പൊട്ടിച്ചെറിഞ്ഞ് പൂർവ്വപിതാക്കന്മാർ നമുക്കു നേടിത്തന്ന അവകാശങ്ങൾ നമ്മുടെ തലമുറയ്ക്കുവേണ്ടി കാത്തുസൂക്ഷിക്കേണ്ട കടമ നമുക്കുണ്ട്. അതിനായി ഒന്നിച്ചണിചേർന്ന നമ്മുടെ എല്ലാ സഭാജനങ്ങളെയും നന്ദിയോടെ ഓർമ്മിക്കുന്നു.

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ. എസ്. ഡി



### ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നത്

6.5.2015 (**ബുധൻ**) വിനോജ് ഡി.സാരസം, സാരസംഹൗസ്

| വരവ് - ചെലവ് മാർച്ച് 2015 | സഭ | മിഷണറി ഫണ്ട് | ഗാർഡൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 225924 | 117447 | 15926 | 103831 | 47052 |
| ചെലവ് | 207379 | 78000 | 5660 | 42600 | 56660 |
| നീക്കിയിരിപ്പ് | 18545 | 39447 | 10266 | 61231 | - |
| അധികചെലവ് | - | - | - | - | 9608 |



## Pastor's view

കർത്താവിൽ പ്രിയ ദൈവമക്കളെ,

2015 മെയ് മാസം മുതൽ നിങ്ങളോടൊപ്പം ആയിരിക്കാൻ കൃപചെയ്ത ദൈവത്തെ ഞാൻ സ്തുതിക്കുന്നു. ഓരോ നിയോഗവും ദൈവത്തിന്റെ പദ്ധതിയായി നാം കണ്ട് ദൈവത്തിന് നന്ദി അർപ്പിക്കണം. എന്റെയും സജി എൻ. സ്റ്റുവർട്ട് അച്ചന്റെയും ശുശ്രൂഷ ഞങ്ങൾക്കും, ശുശ്രൂഷയിൽ പങ്കാളികളാകുന്നവർക്കും പുതിയ അനുഭവമായിരിക്കും. അതിന് നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഞങ്ങൾക്ക് ആവശ്യമാണ്. അത് നിങ്ങൾ നൽകും എന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞകാലത്തെ എന്റെ ശുശ്രൂഷ ഓരോ സ്ഥാനത്തും പ്രാദേശികമായ പ്രത്യേകതകളാൽ തന്നെ വ്യത്യസ്ഥമായിരുന്നു എന്ന് എനിക്കുതന്നെ അനുഭവപ്പെട്ടിട്ടുണ്ട്. ഇവിടെയും നമ്മുടെ പൊതുവായ ജീവിതത്തിൽ വളർച്ചയും പുതിയ അനുഭവവും ഉണ്ടാകുവാൻ ദൈവം കൃപ ചെയ്യട്ടെ.

വിശുദ്ധ ഞായറാഴ്ചകളിലെ ആരാധനകൾ പരമാവധി ഒഴിവാക്കാതിരിക്കുക. അതിന് ബോധപൂർവ്വം പ്രാർത്ഥനയിൽ സമർപ്പിച്ച് ഒരുങ്ങുക. പ്രായാധിക്യമുള്ള അമ്മമാർക്കായും, പിതാക്കൻമാർക്കായും, കിടരോഗികളായി ചികിത്സയിൽ കഴിയുന്നവർക്കായും ഒരുക്കമുള്ള ഹൃദയത്തോടെ എല്ലാവരും പ്രാർത്ഥിക്കുക. കുഞ്ഞുങ്ങളുടെ അനുഗ്രഹത്തിനായും കുടുംബങ്ങളുടെ ഐശ്വര്യത്തിനായും പ്രാർത്ഥിക്കുവിൻ. നാം മറ്റുള്ളവരുടെ നന്മ കാംക്ഷിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കും. ഈ തലമുറയിൽ ദൈവനാമത്തിൽ അനേകം കാര്യങ്ങൾ നിങ്ങൾക്ക് ചെയ്തു തീർക്കാനുണ്ടാകാം. അത് ദൈവനിയോഗമാണ്. ലഭിക്കാനിരിക്കുന്ന നിയോഗത്തിനായി പ്രാർത്ഥനാപൂർവ്വം കാത്തിരുന്ന് പങ്കാളികളാകുന്നതാണ് ദൈവീകവാഗ്ദത്തം പ്രാപിക്കാനുള്ള ദൈവീകപദ്ധതി.

ഇടവകയായി വിവിധ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. അതിൽ ആത്മാർത്ഥമായി പങ്കാളികളാകുന്ന എല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ മാസം 31-ാം തീയതി അഞ്ച് മിഷനറിമാരെക്കൂടെ പ്രതിഷ്ഠിക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. ഓരോരുത്തരുടെയും അദ്ധ്വാനത്തിന്റെ പങ്ക് മിഷണറി വേലയ്ക്കായും കൂടെ നൽകുമ്പോൾ തലമുറകൾ അധികം നൻമ അനുഭവിക്കും. ഈ മാസം 24-ാം തീയതി എം.എം.ചർച്ചിൽ വച്ച് നമ്മുടെ ജൂനിയർ അച്ചന്റെയും, മറ്റ് 13 പേരുടെയും ബോധകാഭിഷേകശുശ്രൂഷ നടക്കുന്നു. പ്രാർത്ഥനയോടെ എവരും ഈ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ അറിയിക്കുന്നു. ഈ മാസം പുതിയ വയസ്സിലേക്ക് പ്രവേശിക്കുന്നവരെയും, കുടുംബവാർഷികമുള്ള കുടുംബങ്ങളെയും ദൈവം വാഗ്ദത്തപ്രകാരം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാപൂർവ്വം,

**റവ. ആർ. എസ്. സുരേഷ്കുമാർ**





# പ്രധാന പ്രോഗ്രാമുകൾ
## മെയ് 2015

| | | | | |
|---|---|---|---|---|
| 3 | ഞായർ | 8.00 | AM | **ഞായർ ആരാധന** |
| 7 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 10 | ഞായർ | 8.00 | AM | **ഞായർ ആരാധന** |
| | | 11.30 | AM | ചർച്ച് കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീമതി.ലീല, ഏറെമണിയൻകോട്) |
| 12 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 14 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 16 | ശനി | 9.30 | AM | **ഉപവാസ ആരാധന** |
| 17 | ഞായർ | 8.00 | AM | **ഞായർ ആരാധന** |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.നെൽസൻ, ജി.കെ ഭവൻ) |
| 21 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 24 | ഞായർ | 7.00 | AM | **ഇംഗ്ലീഷ് ആരാധന** |
| | | 8.00 | AM | **ഞായർ ആരാധന** |
| | | 11.30 | AM | ചർച്ച്ന്യൂസ് എഡിറ്റോറിയൽ കമ്മിറ്റി |
| | | 2.00 | PM | ബോധകാഭിഷേക ശുശ്രൂഷ, എം.എം ചർച്ച് |
| 28 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 31 | ഞായർ | 8.00 | AM | **ഞായർ ആരാധന, മിഷണറി പ്രതിഷ്ഠ** |
| | | | | വിശിഷ്ടാതിഥി: റൈറ്റ്.റവ.എ.ധർമരാജ് റസാലം തിരുമേനി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.സത്യദാസ്, കോട്ടൈക്കോണം) |




സ്റ്റീഫൻസൻ & ഫാമിലി
ജോസ്ഭവൻ, നെടുവത്താൻകുഴി

# മനുഷ്യനെ പിടിക്കുന്നവരും മത്സ്യവും



Evgt. സജി. എൻ. സ്റ്റുവർട്ട്

ക്രൈസ്തവ മൂല്യങ്ങൾ കൊണ്ട് വിപ്ലവകരമായ മുന്നേറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശക്തരായ പല ലോകരാജ്യങ്ങളുടെയും ഭരണഘടനയുടെ അടിത്തറപോലും ക്രിസ്തുദർശനങ്ങളിൽ അധിഷ്ഠിതമാണ്. വിചിത്രമായ മറ്റൊരു പ്രത്യേകത എത്രമാത്രം ദൈവവചനം വ്യാപിക്കപ്പെട്ടുവോ അത്രമാത്രം വിഘടനങ്ങളും വൈരുധ്യങ്ങളും സഭാദർശനങ്ങളിൽ ഉണ്ടായി എന്നുള്ളതാണ്..

"വളരുംതോറും പിളരും; പിളരുംതോറും വളരും" എന്നുപറഞ്ഞ് നാം ആശ്വസിക്കുകയോ ഊറ്റം കൊള്ളുകയോ ചെയ്യുന്നുണ്ടായിരിക്കാം. എന്നാൽ പിളരുംതോറും തളരുന്ന വിശ്വാസജീവിതത്തെക്കുറിച്ച് നാം മറന്നുപോകുന്നു. സഭ തന്റെ ശരീരം എന്നു ക്രിസ്തു പഠിപ്പിച്ചു എങ്കിലും ഇന്ന് ആ ഏകശരീരമാകുന്ന സഭ വിചിത്രമായ പഠിപ്പിക്കലുകളുടെയും സ്വാർത്ഥമായ ലക്ഷ്യങ്ങളുടെയും പേരിൽ തകർക്കപ്പെട്ട ശരീരമായി നിലകൊള്ളുന്നു. ക്രിസ്തുവിന്റെ ശരീരം ക്രൂശിൽ നുറുക്കപ്പെട്ടതുപോലെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയും ഇന്ന് പല വിഭാഗങ്ങളായി നുറുക്കപ്പെട്ടിരിക്കുന്നു.

ഈ ചെറിയ ചിന്തയിലൂടെ ഭാരതീയ സഭയിലും ആഗോള സഭയിലും വന്നുപോയ വിള്ളലുകളെയും അതിന്റെ മൂലകാരണത്തെയും ഒന്നു വീക്ഷിക്കാം. ഒപ്പം നമ്മുടെ ജീവിതത്തെയും! ആരാണ് ഈ വിഭാഗീയതയ്ക്ക് കാരണം? എങ്ങനെ നമുക്ക് അതിന്റെ വ്യാപ്തി കുറയ്ക്കാം.

ഈ വിഭാഗീയ പ്രവർത്തനങ്ങൾ ഇന്നു ഇന്നലെയും രൂപപ്പെട്ടതൊന്നും അല്ല.

ഒരുപക്ഷേ നമ്മുടെ സഭകളിൽ ഇതിന്റെ ചില കണികകൾ കണ്ടേക്കാം. എന്നാൽ ഇതിനു ഉല്പത്തി പുസ്തകത്തോളം പഴക്കമുണ്ട്. നമ്മിലെ വികാരങ്ങൾ ഒരുപക്ഷേ ഇന്നിന്റെ വിഭാഗീതയതയെക്കുറിച്ച് ധാർമ്മികരോഷം കൊള്ളുന്നുണ്ടായിരിക്കാം. എന്നാൽ ചരിത്രരേഖകളിൽ നമ്മുടെ പ്രഥമ ബിഷപ്പ് ആയിരുന്ന വന്ദ്യ ലെഗ് തിരുമേനി അന്നത്തെ വിഭാഗീയതയെക്കുറിച്ച് വിലപിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. അതിനും മുൻപ് 16-ാം നൂറ്റാണ്ടിൽ മതനവീകരണപ്രസ്ഥാനങ്ങൾ സഭയിലെ വിവിധമായ പോരായ്മകളെ ചൂണ്ടിക്കാട്ടിയിരുന്നു. അപ്പോസ്തലനായ പൗലോസ് 1 കൊരി:1:13-ാം വാക്യത്തിൽ ക്രിസ്തു വിഭാഗികരിക്കപ്പെട്ടിരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിരിക്കുന്നു.

വിശുദ്ധ മർക്കൊസ് 1:17 ൽ "ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" എന്ന് പറഞ്ഞിരിക്കുന്നു. ഗ്രീക്ക് ബൈബിളിൽ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയപ്പോൾ രണ്ടുതരത്തിലുള്ള പരിഭാഷ ഉണ്ടായി.

1. "എന്നെ അനുഗമിപ്പിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" മത്സ്യത്തെ പിടിക്കുന്നവരായ നിങ്ങളെ ഇന്നുമുതൽ ഞാൻ മനുഷ്യനെ പിടിക്കുന്നവരാക്കും. (Follow me I will make you fisherman)

2. "എന്നെ അനുഗമിപ്പിൻ, നിങ്ങളെ മനുഷ്യർക്കുവേണ്ടി മത്സ്യമാക്കും". (Follow me, I will make you fish for the people)

ഇവിടെ നാം കാലാകാലങ്ങളായി ഒന്നാമത്തെ പരിഭാഷയാണ് അംഗീകരിച്ചു പോരുന്നത്. മത്സ്യത്തെ പിടിക്കുക എന്നത് ലഘുവായ കാര്യമല്ല. വളരെയധികം തന്ത്രങ്ങൾ രൂപപ്പെടുത്തി വേണം മത്സ്യത്തെ പിടിക്കാൻ. മത്സ്യത്തിന് ഇഷ്ടപ്പെട്ട വസ്തുക്കൾ ചൂണ്ടയിൽ ഒളിപ്പിച്ചും, വലയിലൂടെ മത്സ്യത്തിനു കെണി ഒരുക്കിയും, യന്ത്രവത്കൃത ബോട്ടുകളുപയോഗിച്ചും മത്സ്യത്തെ പിടിക്കാറുണ്ട്. ഇവിടെയാണ് യേശു കാട്ടിത്തന്ന ജീവിതത്തിന്റെ പ്രസക്തി. യേശു ഒരിക്കലും തന്നെ അനുഗമിക്കാൻ മനുഷ്യരെ ബലാൽക്കാരമായി പിടിച്ചിട്ടില്ല. യേശുവിന്റെ ജീവിതസാക്ഷ്യം എപ്പോഴും സ്വാദിഷ്ഠമായ ഒരു മത്സ്യമായി തന്റെ ജീവിതത്തെ മറ്റുള്ളവർക്ക് നൽകുന്നതായിരുന്നു.

ചരിത്രം പരിശോധിക്കുമ്പോൾ Martin Luther ന്റെ നേതൃത്വത്തിൽ അന്നത്തെ സഭയിൽ നിറഞ്ഞിരുന്ന സ്വാർത്ഥപരവും സങ്കുചിതവുമായ മനുഷ്യനിർമ്മിതവുമായ ന്യായപ്രമാണത്തിന്റെ സൃഷ്ടികർത്താക്കളായ മതമേലദ്ധ്യക്ഷൻമാരെ വെല്ലുവിളിച്ച് ഒരു വിപ്ലവത്തിനു തുടക്കം കുറിച്ചതായി കാണാൻ സാധിക്കും. അന്നത്തെ സഭാചട്ടത്തിന്റെ കറുത്ത അദ്ധ്യായമായ പാപമോചനചീട്ടിനെതിരായ പോരാട്ടം അതിനു ഒരു ഉദാഹരണം മാത്രം. പിന്നീട് ഇങ്ങോട്ട് പൊട്ടിത്തെറികളുടെ കാലഘട്ടമായിരുന്നു. വിവിധമായ വ്യക്തികളുടെ പഠിപ്പിക്കലിന്റെ ഫലമായി അവരുടെ നാമധേയങ്ങളിൽ സഭകളുണ്ടായി. (Lutheran church, Methodist, IPC, Presbeterian, Pentacostal's etc.) വന്ദ്യ ലെഗ് തിരുമേനിയുടെ നേതൃത്വത്തിൽ നിസ്വാർത്ഥവും ദൈവഭയത്തോടുമുള്ള പ്രവർത്തനത്തിലൂടെ ദക്ഷിണ ഭാരതത്തിലെ ഐക്യസഭ-സി.എസ്.ഐ. രൂപീകൃതമായി. ആരുടെയും വ്യക്തിപരമോ കുടുംബസ്വത്തോ ആകാതെ സഭ എന്ന പേരിൽ മാത്രം നിലനിൽക്കുവാൻ സി.എസ്.ഐ-യ്ക്കു കഴിഞ്ഞു എന്നത് ദൈവീക പ്രവർത്തനമായി നമുക്കു ദർശിക്കാം.

പങ്കുവയ്ക്കാനായി ആഗ്രഹിച്ച സന്ദേശം ഇത്രമാത്രം. നാം മനുഷ്യരെ പിടിക്കുവാൻ ശ്രമിച്ചാൽ ഒരുപക്ഷേ അനേകം തന്ത്രങ്ങൾ രൂപപ്പെടുത്തേണ്ടി വരും. എന്നാൽ ഒരു

മത്സ്യമാകുവാൻ ശ്രമിച്ചാൽ മറ്റുള്ളവർ നമ്മിലൂടെ തൃപ്തി പ്രാപിക്കും. നാം സ്വാദിഷ്ഠമായ ഭക്ഷണമെങ്കിൽ അനേകർ സ്വാദ് ആസ്വദിക്കുവാൻ നമ്മെത്തേടിവരും. ഇന്ന് വല്ലാത്ത വിശപ്പു കാരണം ജനങ്ങൾ പരക്കം പായുകയാണ്. പലപ്പോഴും മനുഷ്യരെ പിടിക്കുന്നവരുടെ വലയിൽ അകപ്പെട്ട് ക്രിസ്തുവിന്റെ പേരിൽ പീഡിപ്പിക്കപ്പെടുകയാണ്. ക്രിസ്തു നമുക്കുവേണ്ടി മരിച്ചു എങ്കിൽ ഇന്ന് നാം ക്രിസ്തുവിനുവേണ്ടി മറ്റുള്ളവരെ വീർപ്പുമുട്ടിക്കുകയാണ്. ഒരു മത്സ്യം സ്വന്തം ജീവൻ നൽകിയാൽ മാത്രമേ മറ്റുള്ളവർക്ക് അതിന്റെ സ്വാദു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ക്രിസ്തുവിന്റെ സ്നേഹം ലോകം മനസ്സിലാക്കിയതു മരണത്തിനു ശേഷമായിരുന്നു. ക്രിസ്തു ഒരു മത്സ്യമായി മാറിയപ്പോൾ അത് സമൂല മാറ്റത്തിനും, നവ ദർശനങ്ങൾക്കും നിദാനമായി. നാം മറ്റുള്ളവരെ നമ്മുടെ ചൊൽപ്പടിയിൽ ആക്കുവാൻ ശ്രമിക്കുകയാണെങ്കിൽ ജഡീകമാർഗ്ഗങ്ങളായ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ സ്വീകരിക്കേണ്ടിവരും. എന്നാൽ ഒരു മത്സ്യമായി മാറുമ്പോൾ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവയിലൂടെ വളരെ മികച്ച സ്വാദിഷ്ഠമായ ഒരു മന്നയായി (സ്വർഗ്ഗീയ ഭോജനം) തീരുവാൻ സാധിക്കും. ക്രിസ്തുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. ○

***മെയ് 31 ഞായർ ആരാധനയിൽവെച്ച് മോശെ വൽസലം ശാസ്ത്രിയാരുടെ എണ്ണച്ഛായ ചിത്രം അഭിവന്ദ്യ ബിഷപ്പ് റൈറ്റ്.റവ.എ.ധർമ്മരാജ് റസ്സാലം അനാഛാദനം ചെയ്യുന്നു.***

## അറിയിപ്പ്

എസ്.എസ്.എൽ.സി, പ്ലസ് ടു, മറ്റ് പരീക്ഷകൾ എന്നിവയിൽ വിജയം കൈവരിച്ചവർ പാസ്പോർട്ട് സൈസ് ഫോട്ടോയും വിവരങ്ങളും മെയ് 17 - ന് മുമ്പ് നൽകുവാൻ അഭ്യർത്ഥിക്കുന്നു.

*എഡിറ്റോറിയൽ ബോർഡ്*





പാലിയേറ്റിവ് കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കുള്ള ധന ശേഖരണാർത്ഥം എല്ലാ ഭവനങ്ങളിലും ഒരു കളക്ഷൻ ബോക്സ് നൽകുന്നു.

നിങ്ങളുടെ ചെറിയ സംഭാവനകൾ ഇതിൽ നിക്ഷേപിച്ച് സാന്ത്വന ശുശ്രൂഷയിൽ സഹകാരികളാകാൻ അഭ്യർത്ഥിക്കുന്നു.




***നമ്മുടെ ഇടവകയിലെ അസോസിയേറ്റ് അച്ചനായ ശ്രീ.സജി.എം.സ്റ്റുവർട്ട് 24.5.2015 ഞായറാഴ്ച ഉച്ചയ്ക്കുശേഷം 2.30 ന് തിരുവനന്തപുരം എം.എം ചർച്ചിൽ വച്ച് നടക്കുന്ന ബോധകാഭിഷേക ശുശ്രൂഷയിൽ അഭിവന്ദ്യ തിരുമേനിയിൽ നിന്ന് പട്ടത്വം സ്വീകരിക്കുന്നു. എല്ലാ ഇടവകാംഗങ്ങളും ഈ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ അറിയിക്കുന്നു.***

*ഇടക കമ്മിറ്റി*




# വിവാഹവാർഷികാശംസകൾ

| | |
|---|---|
| ഡോ: വാട്സൻ & ഡോ: ബി. എച്ച്. സെലിൻജോയ് | മെറിലാന്റ് |
| എ. സെബാസ്റ്റ്യൻ & ഹെലൻരെജി | നിമിഭവൻ |
| വിക്ടർകുമാർ എലിശ & ബേബിറാണി | പി. കെ. മന |
| റ്റി. എസ്. ബിജു & സിന്ധു | ശാരദാനിലയം |
| ജയരാജ് & ഷെർളി | ബി.കെ.വിലാസം |
| തങ്കപ്പൻ & ബൈറ്റ് സരോജം | അജസ് |
| കെ. സ്റ്റാൻലി & ജലജ | അരുവിമുഖം |
| സാംരാജ് & ലിൻഡ | ലീലാകോട്ടേജ് |
| ക്രിസ്തുദാസ് ,& ക്രിസ്റ്റൽബായ് | ക്രൈസ്റ്റ് കോട്ടേജ് |
| സുന്ദരദാസ് & ഷാലി | എസ്. എസ്. ഭവൻ |
| പ്രസന്നകുമാർ & പുഷ്പം | ഒമേഗാഭവൻ |
| ബോയസ് & സോമവല്ലി | പ്രണവം |
| റസാലം & സ്മിത | റജിഭവൻ |
| പ്രസന്നകുമാർ & മഞ്ജുഷ | പാരഗൺ ഹൗസ് |
| ഡോ.എൽ.എസ്. ബിനു & ഡോ.റിനിജോൺസ് എസ്.ബി. | പ്രശാന്ത് |
| ജയിൻരാജ് & ലിഷ | നഹത് |
| സത്യരാജ് & ലേഖ | ആൻവില്ല |
| ലക്ഷ്മണൻ കെ.പി. & ഫിലോമിന | സത്യഭവൻ |
| പ്രസാദ് പി. & ഇവാഞ്ചലിൻ പ്രസാദ് | ഭവിത |
| പ്രൊഫ: സ്റ്റാൻലോജോൺസ് & പ്രൊഫ: ബെല്ലാജോൺസ് | സീന |
| സ്കിന്നർ വാട്സ് & പേഴ്സ്യ | പീസ്‌വില്ല |
| ജി. ജസ്റ്റസ് റ്റീച്ചർ & കമലാസുലോചനാബായ് റ്റീച്ചർ | സുജയാകോട്ടേജ് |
| ജോൺ അലക്സാണ്ടർ & വിജയകുമാരി | പുഷ്പഗിരി |
| മേനോജസ്റ്റിൻ & സജിനിജിത് | എൽ.എസ്. കോട്ടേജ് |
| രാജയ്യൻ & ലില്ലിബായ് | സാംഭവൻ |
| തങ്കരാജ് & പുഷ്പകുമാരി | കട്ടയ്ക്കോട് |
| ഗിരീഷ് & സരിത | പുലിയൂർക്കോണം |
| ശിംശോൻ & പുഷ്പാബായ് | പ്രശാന്ത് കോട്ടേജ് |
| വിജയകുമാർ & അനിതാജാസ്മിൻ | ജാസ്മിൻ നിവാസ് |
| സത്യരാജ് റ്റി.എൽ. & ബീന ഡബ്ല്യു.ജെ. | ലീലാഭവൻ |
| യേശുദാസ് & നിർമ്മലാ ജാസ്മിൻ | നിർമ്മലാ കോട്ടേജ് |
| ജയകുമാർ & മഞ്ചു | ജയഭവൻ |
| റവ. ജോൺ ശാമുവേൽ & ഷെറിൻ ജോയ് | ജെ.ജെ. ഭവൻ |
| ബിനുരാജ് & സന്ധ്യ | ബിനുഭവൻ |
| ശിംശോൻ & കുമാരി | കരിച്ചാറുവിള |
| സത്യനേശൻ & ഗ്ലോറി സുന്ദരാംബാൾ | സത്യഭവൻ |
| ആൽഫ്രഡ് & നിഷ | അഭിആരാമം |

| | |
|---|---|
| ജി.ആർ. ഷാജി & ദീപ | ഏദൻ |
| അരുൺ & യൂനിയ | എസ്.ആർ. ഭവൻ |
| അജിവിനോദ് & ഷീബ | ബഥനി |
| ജി.ആൻസലം & ഷീജ | ജി.കെ. ഭവൻ |
| അനി & വിജി | അരുവിമുഖം |
| സ്റ്റിൽവിൻ എൻഫിൻസ്റ്റൻ & തുഷാര | പ്രശാന്ത് |
| ഗ്ലാഡ്സ്റ്റൺ & നിമിമോൾ ഡബ്ല്യു.എസ്. പ്രദീപം | മഹിമ |
| ദീപേഷ് എഡ്വിൻ & ഡോ. വിൻസി | കൊച്ചുബഥേൽ |
| റവ: സുനിൽ സൈ & അനീഷ വി.കെ. | പാരഡൈസ് |
| ശ്യാംകുമാർ & ഷീന | കുളത്തോട്ടുമല |
| രജനേഷ് & പ്രിയങ്കാമോഹൻ | സുനിതാഭവൻ |
| സബിൻസാം & റീന | വഴിയോരം |
| മനോജ് & രാധിക | ചാരുപാറ |
| രജീവദാസ് & ഐഡ | മെശിഹാഭവൻ |
| ജസ്റ്റിൻരാജ് & പ്രീതാരാജ് | കുഴലാർ |
| ജിജിൻ എസ്. ജോയ് & ശുഭാജിജിൻ | ബഥേൽ ഹൗസ് |
| സാംരാജ് & ഷെർളിൻരാജ് | സാംഭവൻ |
| ബിജുകുമാർ & രമ്യ | അരുവിമുഖം |
| രാജേന്ദ്രൻ & ദീപ സി.ജി. | എസ്.കെ. ഭവൻ |
| അജി & റീന | അരുവിമുഖം |

## ആദരാഞ്ജലികൾ



**അച്ചുതൻജോസ്**

ചിന്താഭവൻ

മരണം: 13.4.2015

## മിഷണറി പ്രതിഷ്ഠ

31.5.2015 ഞായറാഴ്ച വിശുദ്ധാരാധനയിൽ 5 മിഷണറിമാരെക്കൂടെ പ്രതിഷ്ഠിക്കുന്നു. ഇതോടെ നമ്മുടെ മിഷണറിമാരുടെ എണ്ണം 20 ആകുകയാണ്. ദക്ഷിണ കേരള മഹായിടവക ബിഷപ്പ് റൈറ്റ്.റവ.എ.ധർമ്മരാജ് റസ്സാലം തിരുമേനി നേതൃത്വം നൽകുന്ന ഈ പ്രതിഷ്ഠാശുശ്രൂഷയിൽ എവരും പ്രാർത്ഥനയോടെ പങ്കെടുക്കാൻ അഭ്യർത്ഥിക്കുന്നു.

*സുവിശേഷ സമിതി*

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

പി. വിജയകുമാർ എലിശ, പി.കെ. മന
ജ്ഞാനദാസ്, കുഴലാർ
അരുൺ എസ്.എസ്. ഭവൻ, കാര്യോട്ടുകോണം
സത്യരാജി ജി.എസ്., സത്യഭവൻ
വസന്ത എസ്., ചാമവിള
ഷെറിൻദാസ്, ചോലയിൽ
ഷിജി ജസ്റ്റിൻ, ഏഞ്ചൽ
ജാസ്മിൻ, ജെ.എൽ.എം. ഹൗസ്, കരിയംകോട്
ബ്രൈറ്റ്സിംഗ് Tr., ലിസ്ബത്ത്
ഗോപുദാസ്, പ്ലാവിള
ഷൈജു ആർ.എസ്., എബൻ ഏസർ
ഡോ. ഡി.ജെ. അജിത്കുമാർ. ശ്രേഷ്യാ
ആർദ്ര എ.ആർ., അരുവിമുഖം
അഖിൽ, അരുവിമുഖം
വിജയദാസ്, ചാമവിള
സെലസ്റ്റീബായ് എൻ., നാടുകാണി
ജയൻ, കരിമ്പാറവിള
സൂര്യ, പൂഞ്ഞാംകോട്
അലിഡ എ. അനൂപ്, ഭവിത
ലിനു, നാവെട്ടിക്കോണം
വിക്ടർകുമാർ എലിശ, പി.കെ. മന
സജി എസ്. ഞാറവിള
തങ്കരാജ്, ആനിഹൗസ്
നവനീത്, എസ്.എസ്. നിവാസ്
എ. സെബാസ്റ്റ്യൻ, നിമിഭവൻ
വിൻസ്കുമാർഎലിശ, സൂര്യോട്ടുപറമ്പിൽ പി.കെ.മന
റ്റി. ബേബി Tr., റീജാഭവൻ
സുനിൽപോൾ ജയിൻ, എസ്.എസ്. നിവാസ്
ജിപിൻദാസ് എസ്.എം., പൗർണ്ണമി, കാക്കമുകൾ
ശോഭനദാസ് റ്റി., ചോലയിൽ
ആഷിക് വിൻസ്, പി.കെ. മന
അഭയ ആർ. സംഗീത, സീയോൻ
അംഗിതാരാജ്, ആൻസിവില്ല
ഗമാലിയേൽ, പ്ലാവിള
ജിനു, മൂങ്ങോട്
ലീഷ ജയിൻരാജ്, നഹത്, കാക്കമുകൾ
മിനിമോൾ, കോളനിവീട്
പുഷ്പകുമാരി, കട്ടയ്ക്കോട്
വിപിൻസാം, വഴിയോരം
ആഡ്വിൻ, ഗോഡ്വിൻ നിവാസ്
സൗമ്യ പ്രശാന്ത്, റാണിഭവൻ
ജോൺ അലക്സാണ്ടർ, പുഷ്പഗിരി
നിനിൽ ശശി, നിനി നിവാസ്
സരസമ്മ, കോട്ടാകുഴി
ബേബി, പൂഞ്ഞാംകോട്
ജോളി, ആനിഹൗസ്
ഷീലാജോയ്, ലൗഡെയിൽ
ബിനു എസ്., പുലിയൂർകോണം
പ്രദീപ്, കാന്തള
റൊണാൾഡ് ശാമുവൽ, കാന്തള
ജെ.എസ് ജീന, ഉടയാൻകുഴി
സെൽവദാസ്, കുഴിക്കാരവിള
ഗ്രേസി ജനറ്റ്, പാലേലി
വിശ്വരാജ്, ലീലാഭവൻ, കാന്തള
നിതീഷ് വി.എസ്., വിജയഭവൻ
അനുഗ്രഹ, കരിമ്പാറവിള
ആശ, സീയോൻ
കനകമ്മ Tr., പുലരി
ആൽബർട്ട് ജെ., കുഴലാർ
ബനറ്റ്, ചാമവിള
ഷീന, ഷീനഭവൻ
ശശികല എ., ചോലയിൽ
സുമതി എസ്., ബഥനി, ഞാറവിള
സുശീല ജെ., പനവിളാകം, ഞാറവിള
ഷെർളി, എസ്.എസ്. ഭവൻ
ബിന്ദു, കുഴലാർ കോളനിവീട്
അനീഷ് ജെ., ദാസി ഭവൻ, പുലിയൂർകോണം
ഷെറിൻ ജോൺ, ജെ.ജെ. ഭവൻ
ആരോൺ.ആർ.എസ്, എവർഗ്രീൻ
സ്റ്റീഫൻസൻ, കാന്തള
സിസിലറ്റ്, കുഴിവിള
അനൂപ് ഇ.വി. സീയോൻ
സുന്ദരദാസ്, എസ്.എസ്. ഭവൻ
ആനന്ദ്, കുഞ്ഞാലയ്
ബൈജു എൽ.എസ്., പ്രശാന്ത്
സത്യദാസ് ജി. Tr, പൗർണ്ണമി
ഡോ. എം.ജെ. സെൽവദാസ്, നിത്യ
ടിനു എസ്. മോഹൻ, മൂങ്ങോട്
ആഷ്നാ വിനോദ്, ബഥനി
രാജു, സുമഭവൻ
ലിയാ ജയകുമാർ, ഉഷസ്സ്
അജിത്വിത്ത് നിർമ്മൽ, കരുണാനിവാസ്
ആനി എസ്.പി., അനീഷാ നിവാസ്
രാജയ്യൻ കെ.കെ., എബൻ ഏസർ

സജിതാ ജാസ്മിൻ, ഷാരോൺ
യൂനിയ, എസ്.ആർ. ഭവൻ
ബിനോയി ആർ.പി., ഷാരോൺ
വിജിതാറാണി, ജോസ്ഭവൻ
അമൽ സെബാസ്റ്റ്യൻ, പ്രദീപ് ഭവൻ
രാജ്മോഹൻ, പ്ലാവിള
ഷൈനി ജി.ആർ., ഇമ്മാനുവേൽ
രാജപുഷ്പം, സജികോട്ടേജ്
സുകുമാരൻ, മൂങ്ങോട്
എസ്.ആർ. അശ്വതി സുഗതൻ, കണ്ണംപാറയിൽ
സൗമ്യ, പുഷ്പവിലാസം
അനിഷ, നാവെട്ടിക്കോണം
സതീഷ്കുമാർ, തെനവിള
ഗ്രീനാശാമുവൽ, കാന്തള
ജിജോ ജോർജ്ജ് എ.ജി., ആതിരാ ഭവൻ
ഷീജ, എ.കെ. നിവാസ്
നേശൻ, തച്ചൻകോട്
സനൽകുമാർ, ക്രിസ്തുവിലാസം
സിൽവിജോയ്, Tr, നിഷാന്ത്
വിജയരാജ്, ഗീതം
വിൽമറ്റ്, ജ്ഞാനമഹാൾ
ആശാരാജ്, അനിഴം
അമ്പിളി, കുഴലാർ
സെൽവി, പാലേലി
ശാന്തകുമാർ, പാലേലി
ലളിത, പൂഞ്ഞാംകോട്
ലീല, ലീലാഭവൻ, കാന്തള
Prof.എഡ്വിൻ വില്യം, കൊച്ചുബഥേൽ
ദാനം, സുനിൽ ഭവൻ
ബൈജു, പാലേലി
സുരേഷ്കുമാർ, ചാമവിള
ലിജോ, ലിജോഭവൻ
റ്റി.എൽ.ഷീനാഹെലൻ Tr, ഷാലോം
ബിന്ദു എൽ., ഞാറവിള
സുമിതാരാജു ആർ.എസ്., ഇമ്മാനുവേൽവില്ല
രാധിക, ചാരുപാറ
സിനി എൽ.എസ്., BSNL ക്വാർട്ടേഴ്സ്
ഐഡ, ഐഡാഭവൻ
വിനോദ്കുമാർ എലിശ, പി.കെ. മന
സുമതി, കാന്തള
വിൽഫ്രഡ്രാജ്, ജയിസാവിലാസം
ജൂബി, പാരഗൺ ഹൗസ്
യേശുദാസൻ എൻ., ദാസ്ഭവൻ
ഷീജ എസ്., സജുഭവൻ
ബിനു പോൾ ജയിൻ, ബിനു ഭവൻ
വി. ക്രിസ്തുദാസ്, അജിത്ഭവൻ
ആവണി, മൂങ്ങോട്
സന്ധ്യാറാണി ബിനുരാജ്, ബിനുഭവൻ
നവിത എസ്.ബി., ലീലാഭവൻ
ഗോഡ്വിൻ ജോർജ്ജ്, ബഥേൽ ഹൗസ്
ചെല്ലമ്മ Tr, അനുഗ്രഹ
അരുണ ആർ.എൽ., ജയഭവൻ
അഭിരൂപ്, കാരുണ്യ
എസ്.വി. പ്രേംരാജ്, പാറപൊറ്റ
കമലം, പി.കെ. മന
സ്നേഹലത, സ്നേഹ
തങ്കം, കാന്തള
സ്മിത ജെ.ആർ., ഒയാസിസ്
ഹരിത, സരസിജം, മുതിയാവിള
അഹല്യ, മൂങ്ങോട്ടുകോണം
സുജ, കുഴലാർ
ബെൻസിയർ ജെ., ജെ.എൽ.എം. ഹൗസ്
സുജ മശിഹാഭവൻ
രത്നാബായ്, ലീലാകോട്ടേജ്
വിജിത്, വന്ദന
അരുൺ ഇ.വി., സീയോൻ
ഗിൽഡ, ഒറ്റപ്ലാവിള
ഷിജു സത്യൻ, മുണ്ടപ്പള്ളി
ഡാർവിൻ ജോർജ്, ബഥേൽ ഹൗസ്
രാജീവ് കെ.കെ., എവർഗ്രീൻ
ഗ്ലാഡിസ് ഡി.എസ്., കുഴലാർ
സുജ ബി., പണയിൽവീട്
ജയകുമാർ,പ്ലാങ്കാലക്കോണം
ഉഷ, പാലേലി
വിനോദ്, അരുവിപുറം
തങ്കരാജ്, താരാഭവൻ
ആന്റണി, കാന്തള
ബെത്സി എ., സുനന്ദാഭവൻ
സുനി എസ്., ഞാറവിള
സോമൻ, എസ്.എസ്.ഭവൻ
നീന, ബിനുഭവൻ
ലതകുമാരി,കരിച്ചാറവിള
സരിതാഗിരീഷ്,സൂര്യാഭവൻ
സീന,കുഴലാർ
ഗ്ലാസ്റ്റൻ.റ്റി.റ്റി,മഹിമ
സരോജം,റീജാഭവൻ
നിത്യ റ്റി.എൻ., കരിച്ചാറവിള
ഷെർളിൻ രാജ് ഡബ്ല്യു.എസ്., സാംഭവൻ
വൽസല, സിമി നിവാസ്
വൈലറ്റ് സെറീന, കുഴലാർ

ശിശുരാജ്, പാലേലി
ജയരാജ് ബി.ഡി., ബി.കെ. വിലാസം
പ്രദീപ്‌രാജ് പി.എസ്., മിസ്പ, പാലേലി
രാജൻ എൽ., മുളയംകോട്
നിസ്സാ വി.എൻ., നിഖിൽ നിവാസ്
പ്രിൻസി, പ്രിൻസ് ഭവൻ
അനിൽ എസ്., കൊറ്റംകുഴി
വിൻസെന്റ്, മ്യൂസിക്ഭവൻ
ഗോഡ്‌വിൻ ആൻസലം, ഷാജി ഭവൻ
ഹെലൻ രെജി, നിമി ഭവൻ
ധനേഷ് എൻ.വി, സൂര്യോട്ടുപറമ്പിൽ, പി.കെ. മന
ഗോഡ്‌വിൻരാജ്, കമലാഭവൻ
ലാലു റ്റി. പൂഞ്ഞാംകോട്
ഗീതു ശോഭനൻ, ഗീതു ഭവൻ
ഷിജു, തുരുമ്പാട്
സുജകുമാരി, ക്രിസ്തുവിലാസം
ലത, ചാരുപാറ
അലൻ ബി.എസ്., ബിനുഭവൻ
ആഷ്‌വിൻ എ. അരുൺ, സീയോൻ
ആൻസൻ എസ്. വാട്സൻ, മെറിലാന്റ്
ഇ. ക്രിസ്തുദാസ്, തോട്ടമ്പറ
പ്രമോദ്കുമാർ സി.വി., റാണിഭവൻ
ഷൈൻകുമാർ സി.ആർ., ലീലാകോട്ടേജ്
പ്രൊഫ.കമലാചന്ദ്രൻ, സീജാ നിവാസ്
ജയകുമാർ, തെങ്ങുംപള്ളി
സുനലത, പുല്ലുവിളാകം
റജി ആർ., റജി ഭവൻ, മഠത്തുവിള
വിജയൻ,വിദ്യാഭവൻ
ഡോ.റിനി.എസ്.ബി, പ്രശാന്ത്
ആനി, തെങ്ങുംപള്ളി
എബിൻ, കുഴലാർ
ഗിരിജാ ശോഭനം, ഗീതുഭവൻ
അതുൽ ആൽഫ്രഡ്, അഭി, ആരാമം
ലത, കരിച്ചാറവിള
വിപിൻ, രമ്യ, ചൂണ്ടുപലക
നിരഞ്ജന ആർ.ആർ., സുമൻ കോട്ടേജ്
ജയശ്രീ, റാണിഭവൻ
സെൽവരാജ്, തോട്ടമ്പറ
ബിജു റ്റി.എസ്., ശാരദാനിലയം
ലിബർട്ട്, ലാൽഭവൻ
ജ്യോതിലാൽ, തെങ്ങുംപള്ളി
പുഷ്പ വനജ, ദാസ്ഭവൻ
ക്രിസ്റ്റൽ ബായ്, പ്ലാവിള
നിർമ്മല, റോസ്ഗാർഡൻ
ഷാലി, എസ്.എസ്. ഭവൻ
ശിംശോൻ, ബിനുഭവൻ
രത്നമ്മ, ബിനുഭവൻ
വിമല, കാന്തള
പ്രഭകുമാരി സി. അനീഷാ നിവാസ്
സെലീന തങ്കം, ബഥേൽ ഹൗസ്
രത്ന സുലോചന, സുനിതാഭവൻ
അജി എസ്., ഞാറവിള
റജിനാൾഡ് ജ്ഞാനറൂബി, ഷൈൻനിവാസ്
ആശിഷ്, ദീപം
ജി. സോമൻ, ജിജിൻഭവൻ
സാംസുലോസാലിൻസ് ദാസ്, അരോമ
എൻ. ബൈജു, അഭി
നിർമ്മലാ ഡാർവ്വിൻ, ബഥേൽ ഹൗസ്
ഡിറ്റോമോൻ, ഡി.ആർ. ഭവൻ
ശ്രീകല എസ്.എസ്., തച്ചൻകോട്
സാനിയ സത്യൻ, ദീപാകോട്ടേജ്
തങ്കം, കോട്ടെക്കോണം
ജസ്റ്റിൻരാജ്, കുഴലാർ
ആൻസി ജെ.എസ്., എൽബഥേൽ
വിപിൻകുമാർ, ആനിഭവൻ
ഡി.ബി. ജിബിൻദാസ്, നക്രാംചിറ
ബിജു എൽ.എസ്., പ്രശാന്ത്
വി. രാധാമണി Tr, കണ്ണംപാറയിൽ
ഫേബിൻദാസ്, തേരിവിളപുത്തൻവീട്
ആനി, ആനിഭവൻ
സ്കിന്നർവാട്ട്സ്, പീസ്‌വില്ല
ജോയ്, കുഴലാർ
വിജയൻ, ധന്യ, ഓണംകോട്
അലക്സ്, അലക്സ്ഭവൻ
ബിനു എൽ.എസ്., പ്രശാന്ത്
സുമംഗല, എസ്.പി. കോട്ടേജ്
സതീഷ്കുമാർ ഡബ്ല്യു., കുളത്തോട്ടുമല
ഗേളികുമാരി, കാക്കമുകൾ
Dr. ആശ ഡബ്ല്യു.കെ., കാരുണ്യ
ശാരിക, പ്രദീപ് നിവാസ്
സതീഷ്കുമാർ, ലൗഡെയിൽ
തങ്കമണി, മെറിനിവാസ്
പ്രിജിമോൾ, അലക്സ് ഭവൻ
ജയമോഹനകുമാർ, എൽബഥേൽ
ഫാനിമേബൽ, പ്രദീപ്നിലയം
ജോൺ, കുഴലാർ
ബീന, റോബി ഭവൻ
ഗീതാദാസ്, കൊറ്റംകുഴി
അബിയ ആർ.കെ., വലിയവിള
ദീപേഷ് എഡ്വിൻ, കൊച്ചുബഥേൽ
കുമാർ, കടുവനടി
വിവേക് സുന്ദരം, കണ്ണംപാറയിൽ


റോഷ്ന, സുജയാകോട്ടേജ്
സൗമ്യ, ക്രിസ്തുവിലാസം
വിജയകുമാരി കെ.എം., പുഷ്പഗിരി
സുനി, കുമാർ ബിൽഡിംഗ്സ്
ജോൺ ശാമുവൽ, ജെ.ജെ. ഭവൻ
ജലജ, പാലേലി
ഷില്ലർ ജോൺസ്, കൃപ
വി.കെ. എഡ്വേർഡ്, സീയോൻ
ബേബി സരോജം, പ്ലാവിള
ഗബ്രിയേൽ, കമലാഭവൻ
ബീന, അഖിൽ ഭവൻ
സുനിതകുമാരി, ഗ്രേസ്ഗാർഡൻ
ബിനോയ് ആർ., ജ്യോഫ്രി, ധന്യ
Rev. പ്രശാന്ത് എസ്.പി., പ്രശാന്ത് കോട്ടേജ്
രഞ്ജിനി, ഞാറവിള
കുമാർ, പുതുവക്കൽ
അനീഷ് ജെ.എസ്., എൽബഥേൽ
അജീഷ് ജെ.എസ്., എൽബഥേൽ
വിനോജ് ഡി. സാരസം, സാരസം ഹൗസ്
സജി റ്റി.എസ്., തോമസ് ഭവൻ
ബിന്ദുകുമാരി, ഷാജിഭവൻ
Adv. മാർട്ടിൻ ജോർജ്ജ്, ബഥേൽ ഹൗസ്
ഷൈൻ വി.ജി., ഷീനാഭവൻ
സിനി ഡി.വി., കുഴലാർ
സുമംഗല, ചാമവിള
മധുകുമാർ, മനിഷാ, ചാമവിള
വിജയദാസ്, ചാമവിള
ജിനി, കാന്തള ബംഗ്ലാവ്
ഷൈന ജി.ആർ., ഇമ്മാനുവേൽ
ശമുവേൽ, കാന്തള
സുമംഗല, ബി.ആർ. ഭവൻ
ദേവദാസൻ, റിജിഭവൻ
മേബൽ സരോജം, പൗർണ്ണമി
അനിതാ ജാസ്മിൻ, ജാസ്മിൻ നിവാസ്
റ്റി.കെ.ജോസ് Tr, അഭയം
സ്മിത, മാമൂട്ടിൽ
വി. കുരിശുമുത്തൻ, സജുഭവൻ
ഗിരീഷ്, സൂര്യഭവൻ
മനു, പനവിള
മീനു, പനവിള
സജികുമാരി, സത്യഭവൻ
ലേഖ സത്യരാജ്, ആൻവില്ല
വൃന്ദാറാണി, സുരാജ്ഭവൻ
അനീഷ്കുമാർ, അനുഗ്രഹ
ഷീബാലത, ഗ്രീൻവില്ല
സീജ എസ്. രാജ്, എബൻ എസർ
ഷിജികുമാരി റ്റി., അഭി, ഓണംകോട്
എസ്.എ. ലാജി Tr , തോമസ് ഭവൻ
ജെ. പ്രസാദ്, ഞാറവിള
സി.എൽ.സോഫിയ Tr, എവർഗ്രീൻ
ഷീബാരാജേഷ്, പത്മവിലാസം
ഷീന, കുളത്തോട്ടുമല
യേശുദാസ് ജി. കോട്ടാകുഴി
പ്രീതാരാജ്, കുഴലാർ
റീജ, ആർദ്രാഭവൻ
സെലിൻരാജ്, വില്ലിടുംപാറ
മിന്ജാസ്റ്റൻ, നിഷാന്ത്
ഷിജു.ഇ, ലിറ്റിൽഭവൻ
ജീവൻ.എസ്.ജോയ്, ബഥേൽഹൗസ്
വിനീത്, വിദ്യാഭവൻ
സുദർശനൻ, കാക്കമുകൾ
നിബിൻ ബഞ്ചമിൻ, മ്യൂസിക് ഭവൻ
രജീഷ്, അനുഗ്രഹ
ഹിമ.എസ്, പ്ലാവിള
വീണ എസ്.എം, പത്മാകോട്ടേജ്
ജിഷാജാസ്മിൻ, ചാമവിള
ഡി.പ്രദീപ്, രത്നപ്രഭാ മന്ദിരം
ആശ, ഭവിത
നിമി ബഞ്ചമിൻ, മ്യൂസിക് ഭവൻ
സദാശിവൻ, കുറ്റയത്ത് വീട്
അംബിമോൾ, കുറ്റയത്ത് വീട്

## അണിചേർന്നവർക്ക്
## അഭിനന്ദനങ്ങൾ

2015 ഏപ്രിൽ 28 ചൊവ്വാഴ്ച തിരുവനന്തപുരത്ത് വച്ചു നടന്ന ജനലക്ഷങ്ങളുടെ എസ്.ഐ.യു.സി അവകാശ സംരക്ഷണ റാലിയിൽ പങ്കെടുത്ത ഇടവകാംഗങ്ങൾക്കും ഈ റാലിക്ക് നേതൃത്വം നൽകിയ ശ്രീ. ഇ.വിജയരാജ് (കൺവീനർ), വാർഡ് കൺവീനർമാർ എന്നിവർക്കും നന്ദിയർപ്പിക്കുന്നു.

*ഇടവക കമ്മിറ്റി, സി.എസ്.ഐ.കാട്ടാക്കട*

## 159 - ാം സഭാദിനത്തിൽ ഇടവക സെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ട്



ബി. ബ്രൈറ്റ് സിംഗ്

159-ാം വാർഷിക സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്ന സ്നേഹവും ബഹുമാനവുമുള്ള റവ: കെ.പി. മോഹൻദാസ് അച്ചൻ, റവ: ആർ. ഷിബു അച്ചൻ മുഖ്യാതിഥി റവ.ഡോ.പ്രേംജിത് കുമാർ അച്ചൻ, സ്നേഹസമ്പന്നരായ മാതാപിതാക്കളെ സഹോദരങ്ങളെ.

നമ്മുടെ സഭയെ 159 വർഷം പരിപാലിച്ച സർവ്വശക്തനായ ദൈവത്തെ സ്തുതിച്ചുകൊണ്ടും കഴിഞ്ഞ തലമുറയിൽ സഭയിൽ വിവിധ ചുമതലകൾ വഹിച്ച് സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ച് അധ്വാനിച്ച് കടന്നുപോയവരെ ഓർമ്മിച്ചുകൊണ്ടും ഈ പ്രദേശത്ത് സുവിശേഷത്തിന്റെ കൈത്തിരിയുമായി കടന്നുവന്ന റവ: ജോൺ കോക്സ് മിഷണറിയെ നന്ദിയോടെ സ്മരിച്ചു കൊണ്ടും ഈ റിപ്പോർട്ട് സവിനയം അവതരിപ്പിക്കട്ടെ.

റിപ്പോർട്ട് വർഷത്തിൽ സഭാദ്ധ്യക്ഷനായി റവ: കെ.പി. മോഹൻദാസ് അച്ചനും, അസോസിയേറ്റായി റവ: ആർ. ഷിബു അച്ചനും,സെക്രട്ടറിയായി ബ്രൈറ്റ് സിംഗും, അക്കൗണ്ടന്റായി ജി.ആർ. ബിനുവും, കമ്മിറ്റി അംഗങ്ങളായി സർവ്വശ്രീ എൻ. ഗ്ലാഡ്സ്റ്റൻ, ഇ. ജനറ്റ്, ജീവൻ എസ്. ജോയ്, പി. മിഖായേൽ, ഡി. മോഹനദാസ്, ഇ. റസ്സലമ്മാൾ, ഇ. ഷിബി, റ്റി. സൈറസ്, ആർ. വിമൽരാജ് എന്നിവരും പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് വർഷത്തിൽ 12 സഭാകമ്മിറ്റികളും, 4 അടിയന്തിരകമ്മിറ്റികളും, ഒരു തിരുസഭായോഗവും കൂടുകയുണ്ടായി. സഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായി ചർച്ചചെയ്ത് തീരുമാനങ്ങളെടുത്ത് പ്രവർത്തിച്ചുവരുന്നു.

സർവ്വശ്രീ ജെ. ക്രിസ്റ്റഫർ, ജെ. ജസ്റ്റിൻ ജാവർട്ട്, സ്കിന്നർ വാട്സ്, മേഴ്സി റോബർട്ട് എന്നിവർ മഹായിടവക കൗൺസിൽ അംഗങ്ങളായും എം.എഫ്. റെജിനാൾഡ് ഡിക്സൻരാജ്, സി. ജിജിക്കുഞ്ഞ്, സുനിതകുമാരി എന്നിവർ ഡിസ്ട്രിക്ട് കൗൺസിൽ അംഗങ്ങളായും പ്രവർത്തിച്ചുവരുന്നു. ഇതിൽ ശ്രീ. എം.എഫ്. ഡിക്സൻരാജ് ഡിസ്ട്രിക്ട് കൗൺസിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുവരുന്നു. സർവ്വശ്രീ എസ്. തോംസൻ റ്റീച്ചർ, വി.കെ. ആൻസലം, പ്രശാന്ത് ജി. വില്യം റ്റീച്ചർ എന്നിവർ ഇന്റേണൽ ആഡിറ്റ് കമ്മിറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നു.

### മഹായിടവകയിലെ വിവിധ ബോർഡുകളിൽ നമ്മുടെ സഭാംഗങ്ങൾ വഹിക്കുന്ന സ്ഥാനങ്ങളും ചുമതലകളും

ജെ. ക്രിസ്റ്റഫർ: മഹായിടവക എക്സിക്യൂട്ടീവ് അംഗം, മഹായിടവകആഡിറ്റർ,കാട്ടാക്കട

ക്രിസ്ത്യൻ കോളേജ്, ജോൺ കോക്സ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി, ഹയർ എഡ്യൂക്കേഷൻ സൊസൈറ്റി, സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ബി.എഡ്. കോളേജ പാറശ്ശാല എന്നിവയുടെ ഗവേർണിംഗ് ബോർഡ് അംഗം, സി. എസ്.ഐ. ഓഫ് സെറ്റ് പ്രസ്, മൈലം ഐ.റ്റി.ഐ., കൊടിന്നൂർകോണം ഐ.റ്റി.ഐ., വിൽസ് ഹോസ്റ്റൽ ഫോർ മെൻ & വിമെൻ എന്നിവയുടെ മാനേജിംഗ് കമ്മറ്റിയംഗം.

**മേഴ്സിറോബർട്ട്:** സിനഡ്അംഗം, കാരക്കോണം മെഡിക്കൽ കോളേജ് സ്പെഷ്യൽ ആഫീസർ, സെക്രട്ടറി ഫോർ ഡയക്കോണൽ മിനിസ്ട്രി

**ജെ.ജസ്റ്റിൻജാവർട്ട്:** പാസ്റ്റർ ബോർഡ് അംഗം, കാട്ടാക്കട ഏര്യ യൂത്ത് റപ്രസന്റേറ്റീവ്

**സ്കിന്നർവാട്സ്:** മെൻസ് ഫെല്ലോഷിപ്പ് ഏര്യ കോർഡിനേറ്റർ, ബോർഡ് ഫോർ മ്യൂസിക് കൺവീനർ.

**സി.വി.പ്രമോദ്:** ബോർഡ് ഫോർ കമ്മ്യൂണിക്കേഷൻ കൺവീനർ

**റ്റി.എൽ.സത്യരാജ്:** മെമ്പർ, ബോർഡ് ഫോർ ലിറ്ററേച്ചർ

**ജെ. റോസിൻജാവർട്ട്:** മെമ്പർ, ബോർഡ് ഫോർ ലെയ്റ്റി

**സുനി.എസ്:** മെമ്പർ, ബോർഡ് ഫോർ ഫോർ ജയിൽ മിനിസ്ട്രി

**ബിനു.ജി.ആർ:** മെമ്പർ, ബോർഡ് ഫോർ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇൻഫർമേഷൻ

**ഷിബി.ഇ:** മെമ്പർ, ഹ്യൂമൻ റോസോർസ് ഡവലപ്പ് മെമ്പർ

**റസിലം എഡ്വിൻ റ്റീച്ചർ:** മെമ്പർ, ബോർഡ് ഫോർ മിഷൻ

**ഷൈനി ജി. ആർ:** മെമ്പർ, ബോർഡ് ഫോർ ഫുഡ് ക്രാഫ്റ്റ്

## സഭയിലെ വിവിധ ആരാധനകൾ

ഞായറാഴ്ചയുള്ള വിശുദ്ധ ആരാധനയ്ക്കുശേഷം സണ്ടേസ്കൂൾ, ബാലജനസഖ്യം, യുവജനസംഘടന എന്നിവ ക്രമമായി നടത്തിവരുന്നു. എല്ലാ മാസവും നാലാമത്തെ ഞായറാഴ്ച 7 മണിമുതൽ ഇംഗ്ലീഷ് ആരാധന, എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം പ്രാർത്ഥനായോഗം, ഞായറാഴ്ച വൈകുന്നേരങ്ങളിൽ യുവജനസംഘടനയുടെ നേതൃത്വത്തിൽ ഭവനാരാധന, ഏകദിന കൺവെൻഷനുകൾ, എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 4 മണി മുതൽ സ്ത്രീജന സഖ്യാരാധന, എല്ലാ മൂന്നാമത്തെ ശനിയാഴ്ചകളിലും 9.30 മുതൽ 1 മണിവരെ ഉപവാസാരാധന, എല്ലാമാസവും രണ്ടാമത്തെ ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ 1 മണിവരെ സീനിയർ സിറ്റിസൺ ഫെലോഷിപ്പ് എന്നിവ നടത്തിവരുന്നു.

റിപ്പോർട്ട് വർഷത്തിൽ മൂന്ന് വാർഡ് കൺവെൻഷനുകൾ നടത്തുകയുണ്ടായി. വാർഡ് കൺവെൻഷന് നേതൃത്വം നൽകുന്നത് ഡി. മോഹൻദാസ് ഡീഖനും ക്വയർ അംഗങ്ങളുമാണ്. അവരോടുള്ള നന്ദി സഭയുടെ പേരിൽ അറിയിക്കട്ടെ.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

സാധുക്കളെ സഹായിക്കുന്നതിനായി സഭയിലെ ചില കുടുംബങ്ങളും വ്യക്തികളും തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മ നിലനിർത്തുന്നതിനായി വിവിധ മെമ്മോറിയൽ ഫണ്ടുകളും എൻഡോവ്മെന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത

സ്ഥിരനിക്ഷേപത്തിൽ നിന്നും കിട്ടുന്ന വാർഷികപലിശ അവരവരുടെ ആഗ്രഹപ്രകാരം വിവിധ ആവശ്യങ്ങൾക്കായി ചെലവിട്ടുവരുന്നു. അവയുടെ വിശദീകരണങ്ങൾ ചുവടെ ചേർക്കുന്നു.

**മിഷണറി പ്രവർത്തന ധനസഹായം**

| | | |
|---|---|---|
| 1. | ഒ. വി. ഷെർളിഷീബ മെമ്മോറിയൽ ഫണ്ട് (പിതാവ് ശ്രീ. വർഗ്ഗീസ്, സുരേഷ്കോട്ടേജ്) | 25,000/- |
| 2. | ചെല്ലയ്യൻ ടീച്ചർ മെമ്മോറിയൽ ഫണ്ട് (ഭാര്യ ശ്രീമതി പ്രസീന ടീച്ചർ) | 20,000/- |
| 3. | ബോൺവില്യം ജ്ഞാനദീപം മെമ്മോറിയൽ ഫണ്ട് (മകൻ പ്രൊഫ: എഡ്വിൻവില്യം കുടുംബം, കൊച്ചു ബഥേൽ) | 85,000/- |
| 4. | ജെ. ദാനം & ബായ് മെമ്മോരിയൽ ഫണ്ട് (മകൾ ശ്രീമതി ഡി. ജെ. ലീലാവതി ബായിയും കുടുംബവും) | 10,000/- |
| 5. | മേരിക്കുട്ടി സൈറസ്, മെമ്മോറിയൽ ഫണ്ട് (ഭർത്താവ് ശ്രീ. റ്റി. സൈറസ്,പാരഡൈസ്) | 25,000/- |
| 6. | അഗ്നീസ് & തീമഥിയോസ് ഢീഖർ മെമ്മോറിയൽ ഫണ്ട് (മകൻശ്രീ. വർഗീസ്, സുരേഷ് കോട്ടേജ്) | 15,000/- |
| 7. | യാക്കോബ് ഡീഖർ മെമ്മോറിയൽ ഫണ്ട് (കൊച്ചുമകൻ ശ്രീ. മിഖായേൽ, ജീനാകോട്ടേജ്) | 10,000/- |
| 8. | ജോർജ്ജ് അലക്സാണ്ടർ മെമ്മോറിയൽ ഫണ്ട് (ഭാര്യ ശ്രീ. സുശീലയും മക്കളും) | 20,000/- |
| 9. | സെൽവാനോസ് എഞ്ചിനീയർ മെമ്മോറിയൽ ഫണ്ട് (ഭാര്യ ശ്രീമതി രാജം ടീച്ചർ & ഫാമിലി) | 1,00,000/- |
| 10. | യേശുദാസ്,ജോയിസ്&രാജയ്യൻ മെമ്മോറിയൽ ഫണ്ട് (ശ്രീ. ഗമാലിയേൽ, ഇമ്മാനുവേൽ & ഫാമിലി) | 10,000/- |
| 11. | ശ്രീ. സുകുമാരൻ & ഫാമിലി എൻഡോവ്മെന്റ് (ശ്രീ. സുകുമാരൻ & ഫാമിലി) | 10,000/- |
| 12. | തോമസ് നാടാർ & എസ്ഥർ തോമസ് മെമ്മോറിയൽ ഫണ്ട് (ശ്രീമതി. റസിലമ്മ ടീച്ചർ, കൊച്ചു ബഥേൽ) | 50,000/- |

**മിഷണറി പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ആകെ നിക്ഷേപ തുക3,80,000/-**

## ചികിത്സാ സഹായത്തിനുള്ള ധനസഹായം

| | | |
|---|---|---|
| 1. | പൂവർഫണ്ട് സി.എസ്.ഐ. കാട്ടാക്കട | 1,00,000/- |
| 2. | തീമഥീയോസ് ഡീഖർ & ബിയാട്രീസ് മെമ്മോറിയൽ ഫണ്ട് (മകൾ ശ്രീമതി. ആൻലറ്റ് മേഴ്സിയും കുടുംബവും) | 3,000/- |
| 3. | റോസിലി ജോൺസൻ മെമ്മോറിയൽ ഫണ്ട് (മകൻ റവ.ലോറൻസ് അച്ചനും കുടുംബവും) | 50,000/- |
| 4. | സുമംഗലാബായ് ടീച്ചർ എൻഡോവ്മെന്റ് (ഭർത്താവ് ശ്രീ. ഡി. ഗോപാൽരാജ്, സുജനിവാസ്) | 1,00,000 |
| 5. | ദേവദാസൻ മേസ്തിരി & കമലാബായ് മെമ്മോറിയൽ ഫണ്ട് (മക്കളായ ഡി. വിജയദാസ്, ഡി. സെൽവദാസ് കുടുംബം) | 5000/- |
| 6. | അസറിയ ഡീഖർ & എസിലി മെമ്മോറിയൽ ഫണ്ട് (മക്കളായ ശ്രീമതി പ്രസീന ടീച്ചറും പരേതനായ ശ്രീ. ദേവദാനവും) | 10,000/- |
| 7. | മൈക്കേൽ മെമ്മോറിയൽ ഫണ്ട് (ഭാര്യ എ. എസ്. മേരി ടീച്ചർ) | 10,000/- |
| 8. | ഡി. ശോഭനാദാസ് മെമ്മോറിയൽ ഫണ്ട് (ഭാര്യ രമണിയും മക്കളും, ദാസ് ബുക്ക്സ് കാട്ടാക്കട) | 25,000/- |
| 9. | റവ. എം. ആർ. സത്യദാസ് പ്രസാദ് & ഫാമിലി എൻഡോവ്മെന്റ് (പാഴ്സനേജ്, കാട്ടാക്കട സി.എസ്.ഐ.) | 10,000/- |
| 10. | ശിങ്കരാജൻ വൈദ്യർ & നേശമ്മ മെമ്മോറിയൽ ഫണ്ട് (ഇളയമകൻ ശ്രീ.രവിയും കുടുംബവും) | 5,000/- |
| 11. | എൻ. ക്ലാറൻസൻ വിക്ടർ മെമ്മോറിയൽ ഫണ്ട് (ഭാര്യ ശ്രീമതി. രത്നാബായ്, ലീല കോട്ടേജ്, ചൂണ്ടുപലക) | 5,000/- |
| 12. | കൊച്ചുകുഞ്ഞ് & റോസമ്മ മെമ്മോറിയൽ ഫണ്ട് (കൊച്ചുമകൻ ഗിരീഷ്കുമാർ കുടുംബം, ജി. കെ. ഭവൻ) | 25,000/- |
| 13. | രാഖി മെമ്മോറിയൽ ഫണ്ട് (പിതാവ് രവിയും കുടുംബവും) | 30,000/- |
| 14. | ജയിംസ് & റോസമ്മ മെമ്മോറിയൽ ഫണ്ട് (മകൻ ജെ. ക്രിസ്റ്റഫറും സഹോദരങ്ങളും) | 1,00,000/- |
| 15. | ശ്രീ. ദീപേഷ് എഡ്വിൻ & Dr. വിൻസി എൻഡോവ്മെന്റ് | 100000/- |
| 16. | സുശാന്തിരാജ് മെമ്മോറിയൽ ഫണ്ട് (ഭാര്യ സത്യരാജിയും കുടുംബവും) | 25000/- |
| 17. | ധന്യ പി.വി. എൻഡോവ്മെന്റ് | 50000/- |

18. റോബർട്ട്‌രാജ് ടീച്ചർ മെമ്മോറിയൽ ഫണ്ട് 100000/-
(റീജാഭവനിൽ ബേബിടീച്ചറും കുടുംബവും)

19. റോസിലി കാര്യോട്ടുകോണം മെമ്മോറിയൽ ഫണ്ട് 4000/-
(മകൻ ജയരാജ്, കാര്യോട്ടുകോണം)

20. Prof. N.R. ചന്ദ്രൻ മെമ്മോറിയൽ ഫണ്ട് 100000/-
(ഭാര്യ പ്രൊഫ.കമലാചന്ദ്രൻ, സീജാ നിവാസും കുടുംബവും)

21. പി. വിജയൻ മെമ്മോറിയൽ ഫണ്ട് 100000/-
(ശ്രീമതി.ലില്ലി, രമ്യ, ചൂണ്ടുപലക)

22. വിൻസൻ പ്രദീപം മെമ്മോറിയൽ ഫണ്ട് 10000/-
(ഭാര്യ ശ്രീമതി. സുധാകുമാരി, മഹിമ)

**ചികിത്സാ സഹായത്തിനുള്ള ആകെ നിക്ഷേപതുക - 9,67,000/-**

## സാധു വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി നിക്ഷേപിച്ചിട്ടുള്ള ഫണ്ടുകൾ

1. Dr. ബോയൽവില്യം മെമ്മോറിയൽ ഫണ്ട് 31000/-
(ഭാര്യ ശ്രീമതി കരുണാദേവി ടീച്ചറും കുടുംബവും)

2. സ്റ്റുഡന്റ്സ് വെൽഫയർ ഫണ്ട് സി.എസ്.ഐ. കാട്ടാക്കട 74,500/-
(സണ്ടേസ്കൂൾ വിദ്യാർത്ഥി ക്ഷേമനിധി)

3. മനാസ് ടീച്ചർ മെമ്മോറിയൽ ഫണ്ട് 12000/-
(മകൻ എം.ജെ.സെൽവനേശൻ കുടുംബം)

4. ശ്രീമതി ദീപാജസ്റ്റിൻ എൻഡോവ്മെന്റ് 10000/-

5. ശ്രീ. ദീപേഷ് എഡ്വിൻ എൻഡോവ്മെന്റ് 1,00,000/-

6. ജോഷ്വാ ഇതിയേൻ മെമ്മോറിയൽഫണ്ട് 10,000/-
(മകൾ ഡെയ്സിയും കുടുംബവും)

7. ഓമനാ സെൽവി & സുരേഷ് വിൽഫ്രഡ് മെമ്മോറിയൽ ഫണ്ട് 15,000/-
(ഭർത്താവ് ശ്രീ. വർഗ്ഗീസ് സുരേഷ് കോട്ടേജ്)

8. ശ്രീ. റിബിൻ ജോൺസ് എൻഡോവ്മെന്റ് 30000/-

9. Dr. ആശ കെ. എൻഡോവ്മെന്റ് 10,000/-

10. ശ്രീ. ബൈജു എൽ.എസ്. & ഫാമിലി എൻഡോവ്മെന്റ് 25000/-

11. Dr. വിൻസി എൻഡോവ്മെന്റ് 25000/-

12. ശ്രീമതി കമലമ്മ ടീച്ചർ ജോയ് ഭവൻ മെമ്മോറിയൽ ഫണ്ട് 30000/-
(മക്കളായ Prof. സ്റ്റാൻലോജോൺസും സഹോദരങ്ങളും)

13. സലജ മെമ്മോറിയൽ ഫണ്ട് 10000/-
(വില്ലിടുംപാറ സജികോട്ടേജിൽ ശ്രീ. ഡേവിഡും രാജപുഷ്പവും)

14. നെൽസൻ Tr. & സെലീനാബായി മെമ്മോറിയൽ ഫണ്ട് 25000/-
(പുതുവയ്ക്കലിൽ നിർമ്മലാ കോട്ടേജിൽ ആനി ജാസ്മിൻ)

**സാധുവിദ്യാർത്ഥികൾക്ക് പഠനസഹായ നിക്ഷേപം-ആകെ 4,07,500/-**

**സാധു പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനായി നിക്ഷേപിച്ചിട്ടുള്ള ഫണ്ടുകൾ**

1. വൈ. കുഞ്ഞൻ ടീച്ചർ & വിക്ടോറിയ മെമ്മോറിയൽ ഫണ്ട് 20,000/-
(മക്കളായ ശ്രീ. സ്റ്റാൻലിജോണും, സഹോദരങ്ങളും)
2. ഡോ: ബോയൻവില്യം മെമ്മോറിയൽ ഫണ്ട് 50,000/-
(ഭാര്യ കരുണാദേവീ ടീച്ചറും കുടുബവും)
3. എൽ.ജോൺസൻ മാനേജർ മെമ്മോറിയൽ ഫണ്ട് 50,000/-
(ഭാര്യ കമലമ്മാൾ ജോയ്ഭവൻ)
4. ദാവീദ് ഡീഖർ & ദെബോറാ മെമ്മോറിയൽ ഫണ്ട് 25,000/-
(ശ്രീ. ജാവർട്ട് ജീവത്സനും സഹോദരങ്ങളും)
5. ഈനോസ് & ജെസ്സി മെമ്മോറിയൽ ഫണ്ട് 10,000/-
(മകൻ ഇബനീസർ കാന്തള ബംഗ്ലാവ്)
6. മേഴ്സിബായി എം. എസ്. കോട്ടേജ് മെമ്മോറിയൽ ഫണ്ട് 10,000/-
(മകൻ ഡി. മോഹൻദാസ് കുടുംബം, കാക്കമുകൾ)
7. ശ്രീ. തീമഥിയോസ് ഢീഖർ & ബിയാട്രീസ് മെമ്മോറിയൽ ഫണ്ട് 20,000/-
(മകൻ ശ്രീ. റ്റി. സൈറസ്, പാരഡൈസ്, ചൂണ്ടുപലക)
8. സി.ഇ.വൈ.എഫ്. സാധു വിവാഹ ധനസഹായ ഫണ്ട്. 25,000/-
9. ജെയിൻ ടീച്ചർ മോമ്മോറിയൽ ഫണ്ട് 2,00,000/-
(മക്കളായ ശ്രീ.എം.ജെ.സെൽവനേശൻ & ഡോ:എം.ജെ. സെൽവദാസ് കുടുംബം)
10. ശ്രീ. എം.ജെ.സെൽവനേശൻ-ഉഷസ് എൻഡോവ്മെന്റ് 1,00,000/-

**പെൺകുട്ടികളുടെ വിവാഹ സഹായം - ആകെ നിക്ഷേപം 5,10,000/-**

സാധുക്കളെ സഹായിക്കുന്നതിനായി റിപ്പോർട്ട് വർഷത്തിൽ ലഭിച്ച തുകയായ 3,77,000/- രൂപ ഉൾപ്പെടെ ആകെ 22,64,500/- രൂപ മഹായിടവക ട്രഷറിയിൽ സ്ഥിരമായി നിക്ഷേപിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷം കിട്ടിയ പലിശ 1,39488/- രൂപ. പ്രസ്തുത പലിശ പിൻവലിച്ച് അതാത് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചുവരുന്നു. എൻഡോവ്മെന്റുകളുടെയും മെമ്മോറിയൽ ഫണ്ടുകളുടെയും വിശദമായ ലിസ്റ്റ് സഭയുടെ പിൻമുറിയിൽ രേഖപ്പെടുത്തി പ്രദർശിപ്പിച്ചിട്ടുണ്ട്.

## പുവർഫണ്ട്

സഭയിലെ പുവർഫണ്ട് കാര്യക്ഷമമാമായി പ്രവർത്തിച്ചുവരുന്നു. റിപ്പോർട്ട് വർഷത്തിൽ പൊതുയോഗം തെരഞ്ഞെടുത്ത സർവ്വശ്രീ. ഡി. സ്റ്റാൻലോജോൺ (അക്കൗണ്ടന്റ്), ഡി. മോഹൻദാസ് അനുപമ, ഡി. സോമൻ, ഡാർവിൻരാജ്, ജോയൽസുധാകർ എന്നിവരും എല്ലാ സഭാകമ്മറ്റി അംഗങ്ങളും സംഘടനാ സെക്രട്ടറിമാരും മഹായിടവക കൗൺസിൽ അംഗങ്ങളും ചേർന്നതാണ് പുവർഫണ്ട് കമ്മിറ്റി. സഭാസെക്രട്ടറി ഇതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ലഭിക്കുന്ന അപേക്ഷകൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുത്ത് അർഹരായ എല്ലാവർക്കും പരമാവധി സഹായം നൽകി വരുന്നു. റിപ്പോർട്ട് വർഷത്തിൽ സാധുക്കളുടെ ചികിൽസയ്ക്കായ് 30,900/- രൂപയും സാധു വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി 1,0,4000/- രൂപയും സാധുക്കളുടെ വീട് മെയിന്റനൻസിനായി. 53800/- രൂപയും സാധു പെൺകുട്ടികളുടെ വിവാഹ സഹായത്തിനായി 1000/- രൂപയും സാധുക്കളും അനാഥരുമായ വൃദ്ധമാതാപിതാക്കളുടെ പെൻഷനായി 67,800/- രൂപയും സാധു മരണാനന്തര ചെലവിനായി 3000/- രൂപയും ക്രിസ്മസിനോടനുബന്ധിച്ച ഭക്ഷണം, വസ്ത്രം എന്നിവയ്ക്കായി 50965/- രൂപയും ഉൾപ്പെടെ 3,11965/-രൂപ ചെലവഴിച്ചിട്ടുണ്ട്.

## പോഷകസംഘടനകളുടെ പ്രവർത്തനങ്ങൾ

സഭയുടെ നിലനില്പിനാവശ്യമായ പോഷക സംഘടനകൾസഭാകമ്മിറ്റിയുമായി സഹകരിച്ച് ഭംഗിയായി പ്രവർത്തിച്ചു വരുന്നു. സണ്ടേസ്കൂൾ സെക്രട്ടറിയായി ശ്രീ. ഷിബു ജസ്റ്റസ് ടീച്ചർ, സി.ഇ.വൈ.എഫ്. സെക്രട്ടറിയായി ശ്രീ. ഡാർവിൻരാജ്, സ്ത്രീജനസഖ്യം സെക്രട്ടറിയായി ശ്രീമതി റ്റി. വസന്തയും ബാലജനസഖ്യം കൺവീനറായി ശ്രീ. വിനോജ് ഡി. സാരസവും സെക്രട്ടറിയായി ഷിൻസിഅജിത്ത് എന്നിവരും സേവനം അനുഷ്ഠിച്ചു വരുന്നു. ആരാധനയിലെ മുഖ്യ ഘടകമായ ചർച്ച് ക്വയർ വളരെ അച്ചടക്കമായും മതൃകാപരമായും നടന്നുവരുന്നു. സർവ്വശ്രീ. ഷിബുജസ്റ്റസ് ടീച്ചർ, സ്കിന്നർവാട്സ്, മാത്യുറോയ് എന്നിവർ ഇപ്പോൾ ഓർഗണിസ്റ്റുമാരായി പ്രവർത്തിക്കുന്നു. ഭവനാരാധനകളിൽ ജിജോ.ജെ. സുധാകർ, റോജേഷ് ജെ. എന്നീ കുഞ്ഞുങ്ങൾ ഓർഗൺ വായിച്ചു സഹായിക്കുന്നു. യുവജന സഖ്യത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന കരിയർ ഗൈഡൻസ് ക്ലാസിലൂടെ അനേകം യുവതീയുവാക്കൾക്ക് സർക്കാർ തലത്തിലും പൊതുമേഖലാതലത്തിലും തൊഴിലുകൾ ലഭിക്കുന്നതിൽ നമുക്ക് സന്തോഷിക്കാം.

റിപ്പോർട്ട് വർഷത്തിൽ പ്രശസ്ത വിജയം നേടിയ വിദ്യാർത്ഥികളെയും ഔദ്യോഗിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരെയും അനുമോദിക്കുകയുണ്ടായി. മഹായിടവക-ഡിസ്ട്രിക്ട് തലങ്ങളിൽ നടന്ന വിവിധ മത്സരങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങൾ അഭിമാനകരമായ വിജയം കരസ്ഥമാക്കുകയുണ്ടായി. സംയുക്ത ക്രിസ്തുമസ് റാലിക്കും, അഖില ലോക സണ്ടേസ്കൂൾദിന റാലിക്കും, ട്രോഫികൾ കരസ്ഥമാക്കിയത് നമുക്ക് അഭിമാനകരമാണ്. എല്ലാ സംഘടനാ ഭാരവാഹികൾക്കും സഭയുടെ ആത്മാർത്ഥമായ നന്ദിയും അഭിനന്ദനങ്ങളും പ്രകാശിപ്പിക്കട്ടെ.

## ചർച്ച് ന്യൂസ്

എല്ലാ മാസവും കൃത്യമായും പ്രസിദ്ധീകരിച്ച് വരുന്ന ചർച്ച് ന്യൂസിൽ സഭയിലെ വിവിധ ആരാധനകൾ, ജനങ്ങളെ അറിയിക്കുവാനുള്ള വാർത്തകൾ, സംഘ

ടനാവാർത്തകൾ, സഭയുടെ ആവശ്യങ്ങൾ, അനുമോദനങ്ങൾ, സഭാജനങ്ങളുടെ കലാസൃഷ്ടികൾ, വിദ്യാർത്ഥികളുടെ അറിവു വർദ്ധിപ്പിക്കുന്നതിനുള്ള പൊതുവിവരങ്ങൾ, യുവാക്കൾക്കുള്ള തൊഴിലവസരങ്ങൾ തുടങ്ങി നിരവധി വാർത്തകൾ ഉള്ളടക്കം ചെയ്യുന്നുണ്ട്. റവ. കെ. പി. മോഹൻദാസ്, റവ. ആർ. ഷിബു, ബി. ബ്രൈറ്റ്സിംഗ്, ഡി. മോഹനദാസ് ടീച്ചർ, എസ്.ഡി.സോഫിയ, സി.ജിജിക്കുഞ്ഞ്, ജെ.റോസിൻജാവർട്ട്, എന്നിവരടങ്ങുന്ന കമ്മിറ്റിയിൽ കൺവീനറായി ശ്രീ.ബിനു ജി. ആർ, എഡിറ്ററായി ശ്രീ.സത്യരാജ് റ്റി. എൽ, എഡിറ്റോറിയൽ അഡ്വൈസറായി ശ്രീ. ജെ. രത്നരാജ് ടീച്ചർ എന്നിവർ നേതൃത്വം നൽകിവരുന്നു. ഇവർക്ക് സഭയുടെ പേരിലുള്ള അഭിനന്ദനങ്ങളും നന്ദിയും അറിയിക്കട്ടെ. സഭാജനങ്ങളുടെ സഹകരണംകൊണ്ട് മാത്രമാണ് ചർച്ച് ന്യൂസ് ഇത്രയും മനോഹരമായും കൃത്യസമയത്തും പ്രിന്റ് ചെയ്ത് പുറത്തിറക്കാൻ സാധിക്കുന്നത്.

## വെബ്സൈറ്റ്

നമ്മുടെ ഇടവകയുടെ പ്രവർത്തനങ്ങൾ ലോകമെമ്പാടും എത്തിക്കുക എന്ന ഉദ്ദേശത്തോടെ 2013 ഏപ്രിൽ 28 ന് വെബ്സൈറ്റ് ആരംഭിക്കുകയുണ്ടായി. സർവ്വശ്രീ. ഗിരീഷ്കുമാർ ജി.കെ.ഭവൻ, വിൽഫ്രഡ്രാജ് ഒയാസിസ്, ദീപേഷ് എഡ്വിൻ കൊച്ചുബഥേൽ, ബിനു.ജി.ആർ എന്നിവരുടെ നേതൃത്വത്തിൽ ഇതിൽ ആഴ്ചതോറും പുതിയ വിവരങ്ങൾ ചേർത്തു വരുന്നു. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം പേർ ഈ വെബ്സൈറ്റ് സന്ദർശിക്കുകയുണ്ടായി. പ്രതിദിനം 400 സന്ദർശകർ എന്ന ശരാശരി ഈ വെബ്സൈറ്റ് നിലനിർത്തിപ്പോരുന്നു. കഴിഞ്ഞ വർഷത്തിൽ, വെബ്സൈറ്റ് ടീമിന്റെ ശ്രമഫലമായി വിക്കിപീഡിയ എന്ന ഓൺലൈൻ എൻസൈക്ലോപീഡിയയിൽ മോശവൽസലം ശാസ്ത്രിയാരുടെ ജീവചരിത്രവും സംഭാവനകളും സമഗ്രമായി ഉൾപ്പെടുത്തുകയുണ്ടായി.

## അൾത്താര അലങ്കാരം

സഭയ്ക്ക് പ്രത്യേക സാമ്പത്തിക ബാധ്യതയില്ലാത്ത വിധത്തിൽ, എല്ലാ വിശുദ്ധ ആരാധനയിലും അൾത്താര പൂക്കൾ ഉപയോഗിച്ച് അലങ്കരിക്കുന്നതിന് സഹകരിച്ചുവരുന്നത് സഭയിലെ വിവിധ കുടുംബങ്ങളാണ്. ഇതിന്റെ ക്രമീകരണങ്ങൾ ചെയ്ത് പുഷ്പങ്ങൾ മനോഹരമായി സെറ്റ് ചെയ്ത് അലങ്കരിക്കുന്ന ശ്രീ.ഡിക്സൻരാജ് സാറിനും ബുമൈഡിസുസി റ്റീച്ചർക്കുമുള്ള നന്ദി അറിയിക്കുന്നു.

## റ്റി.ജെ.എം. ഹാൾ

സഭാജനങ്ങളുടെ പരിപൂർണ്ണമായ സഹായത്തോടെ സ്ഥാപിക്കപ്പെട്ട റ്റി.ജെ.എം. ഹാളിൽ നിന്നുള്ള വരുമാനം സഭയുടെ സാമ്പത്തിക വളർച്ചയ്ക്ക് ഏറെ സഹായകരമാകുന്നുണ്ട്. വിവാഹങ്ങളുൾപ്പെടെയുള്ള പ്രോഗ്രാമുകൾ വളരെ ഭംഗിയായും സൗകര്യപ്രദമായും നടത്തുന്നതിന് ഇപ്പോൾ നമുക്ക് കഴിയുന്നുണ്ട്.

## സാന്ത്വന ശുശ്രൂഷ

മഹായിടവക പാലിയേറ്റീവ് കെയറുമായി സഹകരിച്ചു നമ്മുടെ സഭയിൽ സാന്ത്വന ശുശ്രൂഷയുടെ ഒരു ക്ലിനിക് എല്ലാ ശനിയാഴ്ചകളിലും രാവിലെ 9 മണിമുതൽ 1 മണി

വരെ പ്രവർത്തിക്കുന്നു. പ്രസ്തുത ക്ലിനിക്കിൽ 25 ലധികം രോഗികൾ വരുകയും ചികിത്സ നേടുകയും ചെയ്യുന്നുണ്ട്. ഈ യൂണിറ്റിന്റെ സെക്രട്ടറിയായി ശ്രീ. ഇ. വിജയരാജ്, അക്കൗണ്ടന്റായി ശ്രീ. എസ്. തോംസൻ റ്റീച്ചർ, കൺവീനറായി ശ്രീ. ജീവൻ എസ്. ജോയ്, കമ്മറ്റി അംഗങ്ങളായി ശ്രീ. സി.ഡി.ഷൈൻരാജ്, ഡോ: ബിനിഗിരീഷ്, ശ്രീ. പി. സോമൻ എന്നിവർ പ്രവർത്തിക്കുന്നു.

വീഴ്ചമൂലം നട്ടെല്ലു തകർന്നു പൂർണ്ണമായി കിടപ്പിലായ പത്തോളം രോഗികളെ നാം സഹായിക്കുന്നുണ്ട്. അതിൽ തങ്കമണി കട്ടയ്ക്കോട് എന്ന ആലംബഹീനയായ രോഗിക്ക് ഒരു ലക്ഷത്തോളം രൂപ ചെലവാക്കി ഒരി ചെറിയ വീട് വച്ചു നല്കുകയും അവർക്ക് സഹായംനൽകുകയും ചെയ്തുവരുന്നു. ഗൃഹനാഥർ രോഗികളായിത്തീർന്ന കുടുബങ്ങളുടെ വാസയോഗ്യമാല്ലാത്ത വീടുകൾ അറ്റകുറ്റപ്പണിനടത്തിയ ഇനത്തിൽ അൻപതിനായിരത്തിൽപരം രൂപാ ചെലവഴിക്കുകയുണ്ടായി. പാലിയേറ്റീവ് കെയറിന്റെ സഹായം നൽകികൊണ്ടിരുന്ന 3 കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് സഭയിൽ പരസ്യം പറഞ്ഞു ലഭിച്ച തുകയും മറ്റു പലരുടെയും സഹായത്തോടെ ലഭിച്ച തുകയും കൊണ്ട് വിവാഹം നടത്താൻ സഹായിച്ചു. ദൈനംദിന ഭക്ഷണത്തിനു വകയില്ലാത്ത 50 കുടുംബങ്ങൾക്ക് 800/- രൂപ വിലവരുന്ന ഭക്ഷണകിറ്റ് ഓരോ മാസവും വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. അതിനായി സ്ഥിരമായി വാഹനം നൽകി സഹായിക്കുന്നത് നമ്മുടെ സഭാംഗങ്ങളായ ദീപാകോട്ടേജിൻ ശ്രീ. ഷൈൻരാജും ഷാൻരാജുമാണ്. മുപ്പതിലധികം രോഗികൾക്ക് അവരുടെ ആവശ്യമനുസരിച്ച് ആയിരം രൂപ മുതൽ ഇരുന്നൂറ്റി അൻപത് രൂപാവരെ ധനസഹായം ഓരോ മാസ്വും നൽകിവരുന്നു. ഈ ആവശ്യങ്ങൾക്കായി ഒരു മാസം എഴുപതിനായിരം രൂപയോളം വേണ്ടിവരും. ചില മാസങ്ങളെല്ലാം അധികചെലവും ഉണ്ടാകുന്നുണ്ട്. നമ്മുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് ധാരാളം അപേക്ഷകൾ ഇപ്പോഴും കിട്ടുന്നുണ്ട്. അവരെയും സഹായിക്കേണ്ടതാണ്. സഭാജനങ്ങളുടെയും അച്ചന്മാരുടെയും സഹായസഹകരണങ്ങൾ ഇനിയും കൂടുതൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

## സുവിശേഷ സമിതി

സുവിശേഷ സമിതിയി പ്രവർത്തനങ്ങൾ മുൻ വർഷങ്ങളിലേതുപോലെ ഭംഗിയായി നടന്നു വരുന്നു. ത്യാഗമനോഭാവത്തോടെ സുവിശേഷ വേല ചെയ്യുന്ന എല്ലാവർക്കും സഭയുടെ പേരിലുള്ള നന്ദി അറിയിക്കട്ടെ. 2014 മാർച്ച് 31, എപ്രിൽ 1, 2 എന്നീ തീയതികളിൽ കന്യാകുമാരിയിൽ നടന്ന മഹായിടവക സുവിശേഷ സമിതിയുടെ സ്പോൺസേഴ്സ് മീറ്റിൽ കാട്ടാക്കട സഭയെ പ്രതിനിധീകരിച്ച് 9 പേർ പങ്കെടുത്തു. 27-4-2014 ൽ നടന്ന സഭാദിന ആരാധനയിൽ ഒഡീഷ സ്വദേശികളായ ശ്രീ. ബിഗ്നരാജ് താണ്ടി, ശ്രീമതി. മമതാ താണ്ടി എന്നീ രണ്ട് മിഷനറിമാരെ പ്രതിഷ്ഠിക്കുകയുണ്ടായി. 7-9-2014 മുതൽ 17-9-2014 വരെ റവ. ഷിബു അച്ചന്റെയും മുൻ സഭാശുശ്രൂഷകനായിരുന്ന റവ. ഷാജി ജോൺ അച്ചന്റെയും നേതൃത്വത്തിൽ 14 അംഗസംഘം ഒഡീഷ കേന്ദ്രമായി മിഷൻഫീൽഡ് സന്ദർശനം നടത്തി. അനുഗ്രഹപ്രദമായ ഈ യാത്രയിൽ പങ്കെടുത്തവരെ ദൈവം അധികമായി അനുഗ്രഹിക്കട്ടെ. മേശമേൽ നേർച്ചയായി ലഭിച്ച 26 ഹിന്ദി വേദപുസ്തകങ്ങൾ മഹായിടവക സുവിശേഷ സമിതിയെ എല്പിച്ച് അർഹരായവർക്ക് കൊടുക്കാൻ സാധിച്ചു. 17-2-2015 ൽ മിഷണറി സ്പോൺസേഴ്സ് മീറ്റ് നടന്നു. സീനിയർ

സിറ്റിസൺ ഫെല്ലോഷിപ്പിനോട് ചേർന്നാണ് ഈ മീറ്റിംഗ് സംഘടിപ്പിച്ചത്. റവ. ഡോ: ഡി. ജെ. അജിത്കുമാർ മുഖ്യ അതിഥിയായിരുന്നു. നമ്മുടെ ഇടവകയിൽ നടന്നുവരുന്നസുവിശേഷ പ്രവർത്തന സമിതിക്ക് നേതൃത്വം നൽകുന്ന കൺവീനർ ശ്രീമതി.റസിലം എഡ്വിൻ ടീച്ചർ, അക്കൗണ്ടന്റ് ശ്രീ.റ്റി.എൽ. സത്യരാജ്, പ്രമോട്ടേഴ്സായി പ്രവർത്തിച്ചുവരുന്ന സർവ്വശ്രീ. ആർ.വിമൽരാജ് ഡീഖൻ, ജെ.ജസ്റ്റിൻജാവർട്ട് എന്നിവർക്ക് ഇടവകയുടെ നന്ദിയർപ്പിക്കുന്നു. രണ്ട് മിഷണറിമാരെ സ്പോൺസർ ചെയ്തിരിക്കുന്ന യുവജന സംഘടനയ്ക്കും, ഓരോ മിഷണറിമാരെ വീതം സ്പോൺസർ ചെയ്തിരിക്കുന്ന

1. സർവ്വശ്രീ.സ്റ്റീഫൻസൻ റ്റീച്ചർ & ഫാമിലി പ്രശാന്ത്,
2. പ്രൊഫ.എഡ്വിൻവില്യം & ഫാമിലി, കൊച്ചുബഥേൽ,
3. എസ്.തോംസൻ ടീച്ചർ & ഫാമിലി ലീലാഭവൻ,
4. വിനോജ്.ഡി.സാരസം സാരസംഹൗസ് & രിജിക്കുഞ്ഞ് & ഫാമിലി രിജിഭവൻ
5. സജി.എസ് ഞാറവിള & രതീഷ്കുമാർ & ഫാമിലി ഉടയാൻകുഴി
6. ഡോ.പ്രകാശ്.ജി.വില്യം & ഫാമിലി ദീപം
7. ബോസ് വില്യം ടീച്ചർ & ഫാമിലി വിൽസ് ഭവൻ,

എന്നിവർക്കും, ഓരോ മാസവും ഒരു നിശ്ചിത തുക മുടക്കം കൂടാതെ നൽകി സഹായിക്കുന്ന മിഷണറി ദർശനമുള്ള സഭാംഗങ്ങൾക്കും ദൈവനാമത്തിൽ നന്ദി അർപ്പിക്കുന്നു. ആകെ 15 മിഷണറിമാരെയാണ് നാം സ്പോൺസർ ചെയ്തിരിക്കുന്നത്. ഈ വരുന്ന മെയ് മാസത്തിൽ ദൈവകൃപയാൽ 5 മിഷണറിമാരെക്കൂടെ സ്പോൺസർ ചെയ്യുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. നമ്മുടെ സഭ ഒരു മിഷണറി സഭയായി ദക്ഷിണ കേരള മഹായിടവകയിൽ അറിയപ്പെടുന്നതിൽ നമുക്ക് അഭിമാനിക്കാം.

## സ്ഥിതി വിവര കണക്ക്

| | |
|---|---|
| സഭയിടെ ആകെ കുടുംബങ്ങൾ | 661 |
| തിരുസഭാംഗങ്ങൾ | 962 |
| റിപ്പോർട്ട് വർഷം തിരുസഭയിൽ ചേർന്നവർ | 13 |
| റ്റി. സി. മുഖേന സഭയിൽ ചേർന്നവർ | 6 |
| റിപ്പോർട്ട് വർഷം നിത്യതയിൽ ചേർക്കപ്പെട്ടവർ | 13 |

## ഉപസംഹാരം

നമ്മുടെ സഭയുടെ ആത്മീക-ഭൗതീക വളർച്ചയ്ക്കും സഭാജനങ്ങളുടെ ഐക്യത്തിനും അത്മാർത്ഥമായ നേതൃത്വം നൽകിയത് ബഹുമാന്യ റവ. കെ. പി. മോഹൻദാസ് അച്ചനും റവ. ആർ. ഷിബു അച്ചനുമാണ്. രണ്ട് അച്ചൻമാരുടെയും പ്രവർത്തനങ്ങൾക്ക് സഭയുടെ പേരിലുള്ള നന്ദിയർപ്പിക്കുന്നു. ഇടവകയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സഹകരിച്ച്കൊണ്ടിരിക്കുന്ന സഭാകമ്മിറ്റിയിലെ എന്റെ സഹപ്രവർത്തകർക്കും. ശുശ്രൂഷകളിൽ സഹായിക്കുന്ന സ്നേഹമുള്ള കപ്യാർ ശ്രീ. വിൽസ്രാജിനും സർവ്വോപരി 159 വർഷക്കാലം നമ്മെ നടത്തിയ സർവ്വശക്തനായ ദൈവത്തിനും നന്ദി യർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

03.05.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്
10.05.2015 - ശ്രീ. വിനോജ് ഡി.സാരസം& ഫാമിലി, സാരസംഹൗസ്
17.05.2015 - ശ്രീ. സെബാസ്റ്റ്യൻ & ഫാമിലി, നിമിഭവൻ
24.05.2015 - ഡോ.എൽ.എസ്.ബിനു & ഫാമിലി, പ്രശാന്ത്
31.05.2015 - ശ്രീ. രാജേന്ദ്രൻ & ഫാമിലി, എസ്.കെ.ഭവൻ

## സഭാവാർത്തകൾ

❖ പെസഹ വ്യാഴാഴ്ച ആരാധനയോടൊപ്പം സ്ഥിരീകരണ ശുശ്രൂഷ നടത്തുകയുണ്ടായി.ദുഃഖ വെള്ളിയാഴ്ച പ്രഭാത ആരാധനയ്ക്കുശേഷം 10 മണിമുതൽ ഉപവാസ പ്രാർത്ഥ സഭയിൽ വെച്ച് നടത്തുകയുണ്ടായി. വൈകുന്നേരം 3.30-ന് നടന്ന കുരിശിലെ ധ്യാനത്തിന് പുരോഹിതന്മാർ നേതൃത്വം നൽകി.

❖ ഈസ്റ്റർ ദിനത്തിൽ രാവിലെ 5 മണിക്ക് 500-ലധികം സഭാജനങ്ങൾ ദീപം തെളിച്ചു കൊണ്ട് കാട്ടാക്കട ജംഗ്ഷനിലൂടെ നടത്തിയ ഘോഷയാത്ര ഏറെ മനോഹരമായിരുന്നു. ആരാധനയ്ക്കുശേഷം പ്രഭാതഭക്ഷണം സഭയിൽ ക്രമീകരിച്ചുനൽകുകയുണ്ടായി.

❖ 159-ാം സഭാദിനാഘോഷം ഏപ്രിൽ 26 ഞായർ ആരാധനയോടൊപ്പം സംഘടിപ്പിച്ചു. റവ: ഡോ: പ്രേംജിത്കുമാർ മുഖ്യാതിഥിയായിരുന്നു. സഭാസെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ആരാധനയ്ക്കുശേഷം സ്നേഹസദ്യ ക്രമീകരിക്കുകയുണ്ടായി.

❖ നമ്മുടെ സഭാപുരോഹിതരായിരുന്ന റവ: കെ.പി. മോഹൻദാസ് അച്ചൻ ചെമ്പൂര് ഡിസ്ട്രിക്ട് ചെയർമാനായി ചെമ്പൂര് സി.എസ്.ഐ. സഭയിലും, റവ: ആർ. ഷിബു അച്ചൻ തിരുപുറം സി.എസ്.ഐ. സഭയിൽ അസോസിയേറ്റ് അച്ചനായും സ്ഥലംമാറ്റം ലഭിക്കുകയുണ്ടായി.

1-5-2015 മുതൽ കാട്ടാക്കട ഡിസ്ട്രിക്ട് ചെയർമാനായും നമ്മുടെ ഇടവകയുടെ മുഖ്യപുരോഹിതനായും റവ: ആർ.എസ്. സുരേഷ്കുമാർ അച്ചനും, അസ്സോസിയേറ്റായി ശ്രീ. സജി.എൻ.സ്റ്റുവർട്ട് ഇവാഞ്ചലിസ്റ്റും ചുമതലയേറ്റു. ഇവരുടെ ശുശ്രൂഷകൾ കാട്ടാക്കട സഭയുടെ ആത്മീകവും ഭൗതീകവുമായുള്ള വളർച്ചയ്ക്ക് കാരണമാകട്ടെ.

## പാലിയേറ്റീവ് കെയർ

2015 മാർച്ച് മാസം 50 പേർക്ക് 860 രൂപ ചെലവുവരുന്ന ഭക്ഷണകിറ്റ് നൽകി. കൂടാതെ 1000 രൂപ വീതം 4 പേർക്കും, 500 രൂപ വീതം 16 പേർക്കും, 250 രൂപ വീതം 7 പേർക്കും നൽകി. ഈ പ്രവർത്തനങ്ങൾക്ക് എല്ലാസഭാജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## പുവർഫണ്ട്

2015 ഫെബ്രുവരി മാസം 27 പേർക്ക് 250 രൂപവീതം പെൻഷൻ നൽകുകയും, ശ്രീമതി.ലീല, ഏറെമണിയൻകോട് എന്ന വ്യക്തിയുടെ ഭവനനിർമ്മാണത്തിന് 18,500/-രൂപയും, കൂടാതെ വിദ്യാഭ്യാസ സഹായവും നൽകുകയുണ്ടായി.

## ബാലജനസഖ്യം

19.4.2015 ലെ സംഘടനാരാധനയിൽ **ശ്രീ. മോഹൻദാസ് & ഫാമിലി, അനുപമ** വിവാഹവാർഷികം പ്രമാണിച്ച് കുഞ്ഞുങ്ങൾക്ക് ലഘുഭക്ഷണം നൽകി.

## സ്ത്രീജനസഖ്യം

സ്ത്രീജനസഖ്യാരാധന എല്ലാ ശനിയാഴ്ചയും വൈകുന്നേരം 4 മണിക്ക് ക്രമമായി നടന്നുവരുന്നു. ഈ ആരാധനയിൽ പങ്കുചേരുവാൻ എല്ലാ വനിതകളെയും ക്ഷണിക്കുന്നു.

# സ്മരണാഞ്ജലി



ഡി.ആർ. ജെസ്ലറ്റ് സെലസ്റ്റിൻ

ലീലാഭവൻ, കാട്ടാക്കട

Expired on: 24.5.2005

നിത്യതയിൽ വീണ്ടും കാണാമെന്ന പ്രത്യാശയോടെ,

റവ.ഡി.വിൽസൻ, റ്റി.എൽ.സത്യരാജ്, ബീന.ഡബ്ല്യു.ജെ & നവിത.എസ്.ബി

## വിവാഹ വാർഷികാശംസകൾ

വിവാഹതീയതി: 1.5.2014



ഷാജൻ.ബി & സുനി സൈമൺ
ആലമുക്ക്



സ്ഥിരീകരണ ശുശ്രൂഷ



ആശംസകളോടെ,
ജോയൽ സുധാകർ & ഫാമിലി
സുനുഗാർഡൻസ്